സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 മാർച്ച് 27 ബുധൻ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

'അറസ്റ്റ് ജനാധിപത്യവിരുദ്ധം'; കെജ്‌രിവാളിൻറെ ഹരജിയിൽ ഇ.ഡിക്ക് നോട്ടീസ്

ന്യൂഡൽഹി: അരവിന്ദ് കെജ്‌രിവാളിൻറെ ഹരജിയിൽ ഇ.ഡിക്ക് നോട്ടീസ്.ഡൽഹി ഹൈക്കോടതിയാണ് നോട്ടീസയച്ചത്. ഉപഹരജിയിൽ ഉച്ചയ്ക്ക് ശേഷവും വാദം കേൾക്കും.തെരഞ്ഞെടുപ്പ് മുൻനിർത്തിയാണ് തന്നെ അറസ്റ്റ് ചെയ്തതെന്ന് അരവിന്ദ് കെജ്‌രിവാൾ ഡൽഹി ഹൈക്കോടതിയെ അറിയിച്ചിരുന്നു. മദ്യനയ അഴിമതിക്കേസിലെ എല്ലാ അറസ്റ്റും നിയമവിരുദ്ധമാണ്. ഇ.ഡിയുടെ നടപടിക്രമങ്ങളിലെല്ലാം അടിമുടി നിയമവിരുദ്ധത നിറഞ്ഞു നിൽക്കുകയാണെന്നും കെജ്‌രിവാളിൻറെ അഭിഭാഷകൻ മനു അഭിഷേക് സിങ്‌വി കോടതിയിൽ പറഞ്ഞു. അതിനിടെ മദ്യനയ അഴിമതിയിലെ പണം എവിടെപോയെന്ന് നാളെ കോടതിയിൽ വെളിപ്പെടുത്തുമെന്ന് ഡൽഹി മുഖ്യമന്ത്രി കെജ്‌രിവാൾ പറഞ്ഞിരുന്നു.

ഇ.ഡി രാഷ്ട്രീയപരമായാണ് പ്രവർത്തിക്കുന്നതെന്നും മാതൃകാപെരുമാറ്റ ചട്ടം നിലവിൽ വന്ന ശേഷമാണ് അറസ്റ്റുണ്ടായതെന്നും ജനാധിപത്യവിരുദ്ധമാണ് അറസ്റ്റെന്നും സിങ്‌വി കോടതിയിൽ ചൂണ്ടിക്കാട്ടി. ഈ വാദത്തിന്റെ പുറത്താണ് ഇ.ഡിക്ക് ഹൈക്കോടതി നോട്ടീസ് അയച്ചത്. എന്നാൽ ഇ.ഡിക്ക് നോട്ടീസ് അയക്കുകയല്ല വേണ്ട,എത്രയും പെട്ടന്ന് കെജ്‌രിവാളിനെ മോചിപ്പിക്കണം എന്ന് കാട്ടി ഉപഹരജിയും നൽകി. ഈ ഉപഹരജിയിൽ ഉച്ചയ്ക്ക് ശേഷവും വാദം കേൾക്കും.

വീണ ഉൾപ്പെട്ട മാസപ്പടി കേസ്; ഇ.ഡി കേസെടുത്തു

തിരുവനന്തപുരം: മാസപ്പടി വിവാദത്തിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കേസ് രജിസ്റ്റർ ചെയ്തു . പ്രാഥമിക അന്വേഷണത്തിന് പിന്നാലെയാണ് നടപടി.എസ്എഫ്ഐഒ അന്വേഷണം പുരോഗമിക്കുന്നതിനിടയിലാണ് ഇ.ഡി നടപടി.

മാസപ്പടി വിവാദത്തിൽ അന്വേഷണം തുടരാമെന്ന് ഹൈക്കോടതി അടുത്തിടെ വ്യക്തമാക്കിയിരുന്നു. അന്വേഷണത്തിൽ നിന്ന് കെ.എസ്.ഐ.ഡി.സിക്ക് മാറിനിൽക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി. പങ്കില്ലെന്നു പറഞ്ഞു മാറിനിൽക്കാനാകില്ല. അന്വേഷണവുമായി സഹകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടിരുന്നു.അതേസമയം വീണയ്ക്കെതിരെ മാത്യു കുഴൽനാടൻ എം.എൽ.എ നൽകിയ ഹരജി ഇന്ന് തിരുവനന്തപുരം വിജിലൻസ് കോടതി പരിഗണിക്കും. കേസ് തള്ളണമെന്ന വിജിലൻസ് വാദമാണ് ഇന്ന് കോടതി പരിശോധിക്കുക. കരിമണൽ ഖനനത്തിന് സി.എം.ആർ.എൽ കമ്പനിക്ക് വഴിവിട്ട് സഹായം നൽകിയെന്നും പ്രത്യുപകാരമായി മുഖ്യമന്ത്രിയുടെ മകൾക്ക് സി.എം.ആർ.എൽ കമ്പനി മാസപ്പടി കൊടുത്തുവെന്നുമാണ് മാത്യു കുഴൽനാടൻറെ ആരോപണം. ഇതിൽ താൻ നൽകിയ പരാതിയിൽ വിജിലൻസ് നടപടിയെടുത്തില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹരജി.

മൂന്ന് ഘട്ടങ്ങളിലായി വാർത്താ സമ്മേളനങ്ങളിൽ ഉന്നയിച്ച ആരോപണങ്ങൾ എല്ലാം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പരാതി. രേഖകൾ സഹിതമാണ് അദ്ദേഹം വിജിലൻസിന് പരാതി സമർപ്പിച്ചത്. എന്നാൽ ഈ ഹർജി നിലനിൽക്കില്ലെന്നും ആദായ നികുതി സെറ്റിൽമെൻറ് ബോർഡിൻറെ തീരുമാനം വിജിലൻസിൻറെ പരിധിയിൽ പരിശോധിക്കാനാകില്ലെന്നുമാണ് വിജിലൻസ് സ്വീകരിച്ച നിലപാട്. ഹരജി നേരത്തെ തന്നെ കോടതി ഫയലിൽ സ്വീകരിച്ചിരുന്നു.

ഓഫീസിൽ കഞ്ചാവ് വളർത്തൽ; അന്വേഷണം വിപുലീകരിച്ച് വനം വിജിലൻസ്

കോട്ടയം: വനം വകുപ്പ് ഓഫീസിലെ കഞ്ചാവ് വളർത്തൽ കേസിൽ അന്വേഷണം വിപുലീകരിച്ച് വനം വിജിലൻസ് . മുൻ റേഞ്ച് ഓഫീസർ ബി.ആർ ജയന്റെ ഫോൺ കോൾ രേഖകൾ പരിശോധിക്കും.രേഖകളും മൊഴികളും പരിശോധിച്ച് പ്രാഥമിക റിപ്പോർട്ട് ഉടൻ കൈറാറും.

ഗൂഢാലോചന , വ്യക്തിവിരോധം , ഔദ്യോഗിക പദവി ദുരുപയോഗം എന്നിവയാണ് വനം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷിക്കുന്നത്. ബി.ആർ ജയന്റെ മൊഴി കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയുന്നു. ആവശ്യമെങ്കിൽ കൂടുതൽ പേരുടെ മൊഴിയെടുക്കും. അന്വേഷണത്തിന്റെ ഭാഗമായാണ് സി.ഡി.ആർ പരിശോധന.തനിക്കെതിരെ തൊഴിൽ പീഡന പരാതി നൽകിയ വനിതാ ഉദ്യോഗസ്ഥരുടെ അടക്കം പേരുകൾ ജയന്റെ റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു.കൂടാതെ സ്ഥലം മാറ്റം ലഭിച്ച ശേഷം 16 ആം തീയതി കാണിച്ച് റിപ്പോർട്ട് നൽകിയതിലും ദുരൂഹത സംശയിക്കുന്നു. കണ്ടെത്തിയെന്ന് പറയപ്പെടുന്ന കഞ്ചാവ് ചെടികൾ നശിപ്പിച്ചു കളഞ്ഞതിൽ മറ്റ് ഉദ്യോഗസ്ഥർക്ക് വീഴ്ചയെന്നും അന്വേഷിക്കും

സംഭവം വിവാദമായതിനു പിന്നാലെ നാട്ടുകാർ നടത്തിയ മാർച്ചിനിടെ കഞ്ചാവ് ചെടി കണ്ടെത്തിയതിൽ ബാഹ്യ ഇടപെടൽ ഉണ്ടായിട്ടുണ്ടോയെന്നതടക്കമുള്ള വിഷയങ്ങളും അന്വേഷണ പരിധിയിലുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് ഇന്നോ നാളെയോ വനം വിജിലൻസ് സംഘം റിപ്പോർട്ട് കൈമാറും . റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടിയുണ്ടായേക്കും .

പ്രകാശ് അംബേദ്കർ സഖ്യത്തിലേക്കില്ല; മഹാരാഷ്ട്രയിൽ മഹാ വികാസ് അഘാഡി സഖ്യത്തിന് തിരിച്ചടി

മുംബൈ: മഹാരാഷ്ട്രയിൽ മഹാ വികാസ് അഘാഡി സഖ്യത്തിന് തിരിച്ചടി.പ്രകാശ് അംബേദ്കർ മഹാവികാസ് അഘാഡി സഖ്യത്തിലേക്കില്ല. ശിവസേന ഉദ്ധവ് താക്കറേ വിഭാഗവും വഞ്ചിത് ബഹുജൻ അഘാഡിയും ആദ്യഘട്ട സ്ഥാനാർഥിപ്പട്ടിക പുറത്തിറക്കി. കോൺഗ്രസ് ആവശ്യപ്പെട്ട സാംഗ്ലി സീറ്റിലും ഉദ്ധവ് താക്കറേ വിഭാഗം സ്ഥാനാർഥിയെ പ്രഖ്യാപിച്ചു.

ലോക്സഭ തെരഞ്ഞെടുപ്പിൽ 16 സീറ്റുകൾ വേണമെന്നായിരുന്നു പ്രകാശ് അംബേദ്കറിന്റെ ആവശ്യം എന്നാൽ നാലു സീറ്റുകൾ മാത്രം നൽകാൻ സാധിക്കൂ എന്നായിരുന്നു മഹാ വികാസ് അഘാഡി സഖ്യത്തിന്റെ നിലപാട്.സീറ്റുവിഭജന ചർച്ചകൾ പരാജയപ്പെട്ടതോടെയാണ് ഒറ്റക്ക് മത്സരിക്കാൻ പ്രകാശ് അംബേദ്കറുടെ വഞ്ചിത് ബഹുജൻ അഘാടി തീരുമാനിച്ചത്.തുടർന്ന് വഞ്ചിത് ബഹുജൻ അഘാഡി 8 സ്ഥാനാർഥികളുടെ ആദ്യഘട്ട പട്ടിക പുറത്തുവിട്ടു.

മഹാരാഷ്ട്രയിലെ അകോളയിൽ പ്രകാശ് അംബേദ്കർ മത്സരിക്കും.കോൺഗ്രസിൻറെ ഏക സിറ്റിങ് സീറ്റായ ചന്ദ്രാപുരിലും വിബിഎ സ്ഥാനാർഥിയെ പ്രഖ്യാപിച്ചു. അതേസമയം നാ?ഗ്പുരിൽ കോൺഗ്രസിന് പിന്തുണ നൽകുമെന്നും പ്രകാശ് അംബേദ്കറിന്റെ വഞ്ചിത് ബഹുജൻ അഘാടി പ്രഖ്യാപിച്ചു.അതിനിടെ ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള ആദ്യഘട്ട സ്ഥാനാർഥി പട്ടിക ശിവസേന ഉദ്ധവ് താക്കറേ വിഭാഗവും പുറത്തുവിട്ടു.മുതിർന്ന നേതാവ് അനിൽ ദേശായി, മുൻ കേന്ദ്രമന്ത്രി അനന്ത് ഗീതെ അടക്കം 17 പേരാണ് ആദ്യ ഘട്ട പട്ടികയിൽ ഇടംപിടിച്ചത്.അനിൽ ദേശായി മുംബൈ സൗത്ത് സെൻട്രലിൽനിന്ന് മത്സരിക്കും. അനന്ത് ഗീതെ റായ്ഗഢിൽ നിന്നും അരവിന്ദ് സാവന്ത് മുംബൈ സൗത്തിൽനിന്നും ജനവിധി തേടും. ആകെ 22 സീറ്റുകളിലാണ് ശിവസേന ഉദ്ധവ് താക്കറേ വിഭാഗം മത്സരിക്കുക. പരമ്പരാഗതമായി കോൺഗ്രസ് മത്സരിക്കുന്ന മണ്ഡലമായ സാംഗ്ലി ലോക്സഭാ സീറ്റിലേക്കും ഉദ്ധവ് താക്കറേ വിഭാഗം സ്ഥാനാർഥിയെ പ്രഖ്യാപിച്ചത് കോൺഗ്രസ് നേതാക്കൾക്ക് കടുത്ത അതൃപ്തിയാണ് ഉള്ളത്.

അധിക്ഷേപ പരാമർശം; സത്യഭാമക്കെതിരെ ആർ. എൽ. വി രാമകൃഷ്ണൻ പൊലീസിൽ പരാതി നൽകി

ചാലക്കുടി: അധിക്ഷേപ പരാമർശം നടത്തിയ നർത്തകി സത്യഭാമക്കെതിരെ ആർ.എൽ. വി രാമകൃഷ്ണൻ പൊലീസിൽ പരാതി നൽകി.ജാതീയമായി അധിക്ഷേപിക്കാൻ ശ്രമിച്ചെന്നു കാട്ടി ചാലക്കുടി ഡിവൈഎസ്പിക്ക് ആണ് പരാതി നൽകിയത്. പത്തിലധികം പേജുള്ള പരാതിയാണ് സമർപ്പിച്ചത്.പരാതി വഞ്ചിയൂർ പൊലീസിന് കൈമാറി.

രാമകൃഷ്ണൻ കാക്ക പോലെ കറുത്ത വനാണെന്നും സുന്ദരികളായ സ്ത്രീകൾ മാത്രമെ മോഹിനിയാട്ടം കളിക്കാൻ പാടുള്ളൂ. കണാൻകൊള്ളില്ലെന്നും, പെറ്റ അമ്മ കണ്ടാൽ സഹിക്കില്ലെന്നുമായിരുന്നു സത്യഭാമ പറഞ്ഞത്. സത്യഭാമയുടെ പ്രതിഷേധത്തിനെതിരെ വൻവിമർശനമാണ് സമൂഹത്തിൽ നിന്നുയർന്നുവന്നത്.പട്ടികജാതി കലാകാരന് നൃത്തരംഗത്ത് പിടിച്ചു നിൽക്കാൻ പറ്റാത്ത സാഹചര്യമാണെന്ന് ആർഎൽവി രാമകൃഷ്ണൻ പ്രതികരിച്ചു. ജീർണ്ണിച്ച മനസുള്ളവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരിക തന്നെ ചെയ്യുമെന്നും രാമകൃഷ്ണൻ പറഞ്ഞിരുന്നു, അതിന്റെ ഭാഗമായാണ് പൊലീസിൽ പരാതി നൽകിയത്.

ഡ്രൈവിംഗ് പരിഷ്കരണം; മന്ത്രി കെ. ബി ഗണേഷ് കുമാറിനെതിരെ പ്രതിഷേധവുമായി സി. ഐ. ടി. യു

തിരുവനന്തപുരം: ഡ്രൈവിംഗ് പരിഷ്കരണവുമായി മുന്നോട്ട് പോകുന്ന മന്ത്രി ഗണേഷിനെതിരെ പ്രതിഷേധവുമായി സി.ഐ.ടി.യു.ഗണേഷ്കുമാറിനെതിരെ രൂക്ഷ വിമർശനവുമായാണ് സിഐടിയു രംഗത്തെത്തിയത്. ഗണേഷ് എൽ.ഡി.എഫ് മന്ത്രിയാണെന്ന കാര്യം ഓർക്കണമെന്ന് സി.ഐ.ടി.യു നേതാവ് കെ. ദിവാകരൻ തുറന്നടിച്ചു. വേണ്ടിവന്നാൽ മന്ത്രിയെ റോഡിൽ തടയുമെന്നും സിഐടിയു മുന്നറിയിപ്പ് നൽകി.

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിനെതിരെ സി.ഐ.ടി.യു സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ സമരത്തിലാണ് മന്ത്രിക്കെതിരെ വിമർശം ഉയർന്നത്. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരിച്ചുകൊണ്ട് ഫെബ്രുവരി 21ന് ഇറക്കിയ ഉത്തരവാണ് ഡ്രൈവിംഗ് സ്കൂളുകാരും ഗതാഗത മന്ത്രി ഗണേഷ് കുമാറും തമ്മിൽ തെറ്റാൻ കാരണം. ഇതിനോടൊപ്പം ടെസ്റ്റുകളുടെ എണ്ണം വെട്ടിച്ചുരുക്കിയ തീരുമാനവും ഡ്രൈവിംഗ് സ്കൂളുകാർക്കും ലൈസൻസ് അപേക്ഷകർക്കും ഒരുപോലെ തിരിച്ചടിയായി.

പരിഷ്ക്കാരം ഉടൻ നടപ്പിലാക്കില്ലെന്ന് മുഖ്യമന്ത്രിയുടെ ഉറപ്പു പോലും പാലിക്കാതെയാണ് ഗണേഷ് പ്രവർത്തിക്കുന്നതെന്ന ആക്ഷേപമാണ് സിഐടിയുവിന്. പരിഷ്കാരങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഓൾ കേരള ഡ്രൈവിംഗ് സ്കൂൾ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ ആയിരുന്നു

ഡ്രൈവിംഗ് ടെസ്റ്റ് നടത്താനുള്ള ഗ്രൗണ്ടുകൾ സർക്കാർ തന്നെ ഒരുക്കണമെന്ന ആവശ്യവും യൂണിയൻ മുന്നോട്ടു വച്ചിട്ടുണ്ട്. ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഏപ്രിൽ മൂന്നിന് ഗണേഷിന്റെ വസതിയിലേക്ക് മാർച്ച് നടത്താനും തീരുമാനിച്ചു. എന്നിട്ടും നടപടിയായില്ലെങ്കിൽ മന്ത്രിയെ വഴിയിൽ തടയും.

'ജമ്മു കശ്മീരിൽ നിന്ന് സൈന്യത്തെ പിൻവലിക്കുന്നത് ആലോചിക്കുന്നു

ശ്രീനഗർ: ജമ്മുകശ്മീരിൽ നിന്ന് സൈന്യത്തെ പിൻവലിക്കുന്നത് ആലോചിക്കുന്നു എന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. അഫ്സപ പിൻവലിക്കുന്നത് പരിഗണനയിലാണെന്നും ക്രമസമാധാന ചുമതല പൂർണമായും ജമ്മുകശ്മീർ പൊലീസിന് നൽകുമെന്നും അമിത് ഷാ പറഞ്ഞു. കശ്മീർ താഴ്വരയുടെ കൂടി പിന്തുണ നേടാനാണ് ബിജെപിയുടെ ഈ അപ്രതീക്ഷിത നീക്കം.

അനുച്ഛേദം 370 റദ്ദാക്കിയതിലൂടെ കേന്ദ്രസർക്കാരിന് ജമ്മുകശ്മീരിൽ വികസനവും സമാധാനവും കൊണ്ടുവരാനായെന്നാണ് ബിജെപി പ്രചാരണം. പ്രത്യേക അധികാരം റദ്ദാക്കിയതിന് ശേഷം നടക്കുന്ന ആദ്യ തെരഞ്ഞെടുപ്പായതിനാൽ ജമ്മുകശ്മീരിലെ ജനവിധി ബിജെപിക്ക് നിർണായകമാണ്. ഇതിനിടയിലാണ് സൈന്യത്തെ പിൻവലിക്കുമെന്ന വാഗ്ധനം അമിത് ഷാ നൽകുന്നത്. ഏഴ് വർഷത്തെ ബ്ലൂപ്രിൻറ് തയ്യാറാണെന്നും തെരഞ്ഞെടുപ്പിന് ശേഷം ജമ്മുകശ്മീലിൽ നിന്ന് സൈന്യത്തെ പിൻവലിക്കുന്നത് പരിഗണിക്കുമെന്നും അമിത് ഷാ പറഞ്ഞു.

സൈന്യത്തിനുള്ള പ്രത്യേക അധികാരം പിൻവലിക്കുന്നത് ആലോചിക്കുന്നുണ്ട്. ക്രമസമാധാന ചുമതല പൂർണമായും സൈന്യത്തിൽ നിന്ന് പൊലീസിന് കൈമാറുന്നതാണ് ആലോചനയിലുള്ളതെന്നും അമിത് ഷാ ജമ്മു കശ്മീരിലെ ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പ്രതികരിച്ചു. ജമ്മുകശ്മീർ നിയമസഭ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 30ന് ഉള്ളിൽ പൂർത്തിയാക്കുമെന്നും അമിത് ഷാ അഭിമുഖത്തിൽ വ്യക്തമാക്കി.

സൈന്യത്തിന് അതിർത്തിയിലെ സുരക്ഷ ചുമതല മാത്രം നൽകുക എന്ന കശ്മീർ താഴ്വരയിലെ പാർട്ടികളുടെ ആവശ്യത്തോട് ചേർന്ന് നിൽക്കുന്നതാണ് അമിത് ഷായുടെ ഈ നീക്കം. താഴ്വരയിലും പാർട്ടി സ്ഥാനാർത്ഥികളുടെ വിജയം ഉറപ്പാക്കാനും സഖ്യകക്ഷികളെ കണ്ടത്താനും ബിജെപി ഇതിലൂടെ ലക്ഷ്യമിടുകയാണ്.

പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ പുതിയ വിസിയായി ഡോ. കെഎസ് അനിലിനെ നിയമിച്ചു

കൽപറ്റ: ഡോ. കെ. എസ് അനിലിനെ പൂക്കോട് വെറ്റിനറി സർവ്വകലാശാല വിസിയായി നിയമിച്ചു. മണ്ണുത്തി വെറ്റിനറി കോളേജിലെ പ്രൊഫസറാണ് അനിൽ. ഗവർണ്ണറുടെ കടുത്ത അതൃപ്തിയെ തുടർന്ന് ഡോ.പി സി ശശീന്ദ്രൻ രാജി വെച്ച ഒഴിവിലാണ് പുതിയ നിയമനം. സിദ്ധാർത്ഥന്റെ മരണത്തിൽ 33 വിദ്യാർത്ഥികളുടെ സസ്പെൻഷൻ വിസി പിൻവലിച്ചതായിരുന്നു രാജ്ഭവന്റെ അതൃപ്തിക്ക് കാരണം. സിദ്ധാർത്ഥന്റെ മരണത്തിലെ വീഴ്ചകളുടെ പേരിൽ മുൻ വിസി ഡോ. എം ആർ ശശീന്ദ്രനാഥിനെ നേരത്തെ ഗവർണ്ണർ സസ്പെൻഡ് ചെയ്തിരുന്നു.

ഇനി ആൺകുട്ടികൾക്കും മോഹിനിയാട്ടം പഠിക്കാം; ചരിത്രപരമായ തീരുമാനത്തിലേക്ക് കലാമണ്ഡലം

തൃശൂർ: ചരിത്ര തീരുമാനത്തിലേക്ക് കലാമണ്ഡലം. കലാമണ്ഡലത്തിൽ മോ?ഹിനിയാട്ടം പഠിക്കാൻ ഇനി ആൺകുട്ടികൾക്കും പ്രവേശനം ലഭിക്കും. ഇന്നത്തെ ഭരണ സമിതി യോഗത്തിലാണ് നിർണായക തീരുമാനം ഉണ്ടായിരിക്കുന്നത്.

ലിംഗ ഭേദമെന്യേ കലാമണ്ഡലത്തിൽ എല്ലാവർക്കും പ്രവേശനം നൽകുമെന്ന് ഭരണസമിതി അറിയിച്ചു. വിഷയത്തിൽ ഐക്യകണ്ഠേനയാണ് തീരുമാനമുണ്ടായത്. ഭരതനാട്യത്തിലും കുച്ചിപ്പുടിയിലും തീയറ്റർ ആന്റ് പെർഫോമൻസ് മേക്കിങ്ങിലും കോഴ്സുകളാരംഭിക്കും. കരിക്കുലം കമ്മറ്റിയാണ് പാഠ്യപദ്ധതി തീരുമാനിക്കുക. ചരിത്രമുഹൂർത്തം എന്നാണ് നീനാപ്രസാദും ക്ഷേമാവതിയും തീരുമാനത്തെ വിശേഷിപ്പിച്ചത്.

പണവുമായി വന്ന വാഹനത്തിന്റെ ചില്ല് തകർത്തനിലയിൽ

കാസർകോട്ട് പട്ടാപ്പകൽ വൻ കവർച്ച; എടിഎംൽ നിറയ്ക്കാനെത്തിച്ച 50 ലക്ഷം രൂപ കൊള്ളയടിച്ചു

കാസർകോട്: മഞ്ചേശ്വരം ഉപ്പളയിൽ സ്വകാര്യ ബാങ്കിന്റെ എ.ടി.എമ്മിൽ നിറയ്ക്കാനെത്തിച്ച 50 ലക്ഷം രൂപ കൊള്ളയടിച്ചു. ബുധനാഴ്ച ഉച്ചയോടെയായിരുന്നു സംഭവം. ആക്സിസ് ബാങ്കിന്റെ എ.ടി.എമ്മിലേക്ക് പണവുമായി വന്ന വാഹനത്തിൽനിന്നാണ് 50 ലക്ഷം രൂപ കവർന്നത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.



ബാൾട്ടിമോർ അപകടം: തിരച്ചിൽ അവസാനിപ്പിച്ചു

വാഷിങ്ടൺ: അമേരിക്കയിലെ ബാൾട്ടിമോറിൽ പാലം തകർന്നുണ്ടായ അപകടത്തിൽ കാണാതായ ആറു പേർക്കായുള്ള തിരച്ചിൽ അവസാനിപ്പിച്ചു. 20 മണിക്കൂറോളം നീണ്ട തിരച്ചിലിന് ശേഷമാണ് രക്ഷാപ്രവർത്തനം അവസാനിപ്പിക്കാൻ കോസ്റ്റ് ഗാർഡും സുരക്ഷാ ഏജൻസികളും തീരുമാനിച്ചത്. കാണാതായ ആറുപേരും മരിച്ചിരിക്കാനാണ് സാധ്യതയെന്നും അധികൃതർ സൂചിപ്പിച്ചു.

കപ്പൽ ഇടിച്ചതിനെ തുടർന്ന് ഫ്രാൻസിസ് സ്കോട്ട് കീ ബ്രിഡ്ജാണ് തകർന്നത്. നദിയിൽ വീണ രണ്ടുപേരെ രക്ഷപ്പെടുത്തിയിരുന്നു. പാലത്തിൽ അറ്റകുറ്റപ്പണി നടത്തിയിരുന്നവരാണ് വെള്ളത്തിൽ വീണത്. ഇവരുടെ വാഹനങ്ങളും നദിയിൽ വീണിരുന്നു. വെള്ളത്തിൽ വീണ പാലത്തിന്റെ അവശിഷ്ടങ്ങളും വാഹനങ്ങളും കണ്ടെടുക്കാനാണ് കോസ്റ്റ് ഗാർഡും മറ്റ് ഏജൻസികളും പരിശ്രമിക്കുന്നത്.

ചരക്കുകപ്പലായ ഡാലിയിലെ ജീവനക്കാരെല്ലാം ഇന്ത്യക്കാരെന്ന് കപ്പൽ കമ്പനി സ്ഥിരീകരിച്ചിരുന്നു. കപ്പൽ ജീവനക്കാരായ 22 ഇന്ത്യാക്കാരും സുരക്ഷിതരാണ്. സിംഗപ്പൂർ പതാകയുള്ള ഡാലി ബാൾട്ടിമോറിൽ നിന്ന് ശ്രീലങ്കയിലെ കൊളംബോയിലേക്ക് പോകുന്നതിനിടെയാണ് അപകടം ഉണ്ടായത്.

പറ്റാപ്സ്കോ നദിക്കു മുകളിൽ രണ്ടരക്കിലോമീറ്റർ നീളമുള്ള നാലുവരി പാലമാണ് തകർന്ന് വീണത്.

മാസപ്പടിയിൽ ഇ. ഡി: 'ഒരന്വേഷണവും മുഖ്യമന്ത്രിയിലേക്കും മകളിലേക്കും എത്തില്ല'; വി. ഡി സതീശൻ

തിരുവനന്തപുരം: മാസപ്പടി കേസിൽ ഇ.ഡി അന്വേഷണം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോഴുള്ള സ്റ്റണ്ട് മാത്രമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അന്വേഷണം സി.പി.എമ്മും ബി.ജെ.പിയും ഒന്നിച്ചല്ല എന്ന് ബോധിപ്പിക്കാനുള്ള തന്ത്രം മാത്രമാണെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

'ഇ.ഡി അന്വേഷണ പരിധിയിൽ ഉള്ള കേസുകളുടെ യൊക്കെ അന്വേഷണം എവിടെ എത്തി നിൽക്കുന്നു എല്ലാ അന്വേഷണവും ഒരു സുപ്രഭാതത്തിൽ ഇല്ലാതായി. ബി.ജെ.പി-സി.പി.എം നേതാക്കൾ തമ്മിൽ ബിസിനസ് പാർട്ണർഷിപ്പ് വരെയുണ്ടായി. മാസപ്പടി അന്വേഷണത്തിൽ അച്ഛനും മകൾക്കും ഒരു നോട്ടീസ് പോലും ഏജൻസികൾ നൽകിയിട്ടില്ല. ഒരു അന്വേഷണവും മുഖ്യമന്ത്രിയിലേക്കും മകളിലേക്കും എത്തില്ല'.

ബാക്കിയുള്ള സംസ്ഥാനങ്ങളിലെ പ്രതിപക്ഷ നേതാക്കളോട് ഇവിടത്തെ പോലെ ഔദാര്യം അന്വേഷണ ഏജൻസികൾ കാണിച്ചിട്ടില്ലെന്നും സതീശൻ പറഞ്ഞു.

സമൂഹമാധ്യമങ്ങളിൽ അപവാദ പ്രചരണം നടത്തി; ജോയ്സ് ജോർജിന് വക്കീൽ നോട്ടീസ് അയച്ച് യു. ഡി. എഫ്

ഇടുക്കി: സമൂഹമാധ്യമങ്ങളിൽ അപവാദ പ്രചരണം നടത്തിയെന്നാരോപിച്ച് ഇടുക്കിയിലെ എൽ.ഡി.എഫ്.സ്ഥാനാർഥി ജോയ്സ് ജോർജിന് വക്കീൽ നോട്ടീസ് അയച്ച് യു.ഡി.എഫ് സ്ഥാനാർഥി ഡീൻ കുര്യാക്കോസ്.

പൗരത്വ ഭേദഗതി നിയമത്തെ അനുകൂലിച്ച് പാർലമെന്റിൽ വോട്ട് ചെയ്തുവെന്ന ജോയ്സിന്റെ പരാമർശമാണ് വിവാദമായത്. ഈ വിഷയം ചൂണ്ടിക്കാട്ടി തെരഞ്ഞെടുപ്പ് കമ്മീഷനും ഡീൻ കുര്യാക്കോസ് പരാതി നൽകി.

പൗരത്വ ഭേദഗതി നിയമം പാർലമെൻറിൽ അവതരിപ്പിച്ചപ്പോൾ എം.പിയായ ഡീൻ കുര്യാക്കോസ് എതിർത്തില്ലെന്നും അനുകൂലിച്ചു വോട്ട് ചെയ്തുവെന്ന പരാമർശത്തോടെയാണ് ജോയ്സ് ജോർജ് സമൂഹ മാധ്യമ അക്കൗണ്ടിൽ വീഡിയോ പോസ്റ്റ് ചെയ്തത്.

പിന്നാലെ വിശദീകരണവുമായി ഡീൻ രംഗത്ത് വന്നിരുന്നു. ആരോപണം തെരഞ്ഞെടുപ്പ് ചട്ടലംഘനമാണെന്നും ആരോപണം പിൻവലിച്ചു 15 ദിവസത്തിനുള്ളിൽ പരസ്യമായി മാപ്പ് പറയണമെന്നും ആവശ്യപ്പെട്ടാണ് ഡീൻ ജോയ്സ് ജോർജിന് വക്കീൽ നോട്ടീസ് അയച്ചത്.

പൗരത്വ നിയമം നടപ്പിലാക്കിയതിൽ പ്രതിഷേധിച്ചു തൊടുപുഴയിൽ പാതിരാ സമരാഗ്നി എന്ന പേരിൽ ഡീൻ കുര്യാക്കോസ് നടത്തിയ സത്യാഗ്രഹത്തെ പരോക്ഷമായി പരാമർശിച്ചായിരുന്നു ജോയ്സ് ജോർജിന്റെ വീഡിയോ സന്ദേശം.

ഈ വിഷയം ചൂണ്ടിക്കാട്ടി തെരഞ്ഞെടുപ്പ് കമ്മീഷനും ഡീൻ കുര്യാക്കോസ് പരാതി നൽകിയിട്ടുണ്ട്.

ട്രാൻസ്ഫർ ഉത്തരവ് വന്നിട്ടും തിരൂർ ജോയിൻറ് ആർടി ഓഫീസിൽ തുടർന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി

മലപ്പുറം: മലപ്പുറം തിരൂർ ജോയിൻറ് ആർടി ഓഫീസിൽ ട്രാൻസ്ഫർ ഉത്തരവ് വന്നിട്ടും ഒരു മാസത്തിലേറെയായി തിരൂരിൽ തന്നെ തുടർന്ന ഉദ്യോഗസ്ഥരെ ട്രാൻസ്ഫറായി സ്ഥലങ്ങളിലേക്ക് മാറ്റി. ഉദ്യോഗസ്ഥർ തിരൂരിൽ തന്നെ തുടരുന്നതിനെ കുറിച്ച് മീഡിയവൺ നൽകിയ വാർത്തയെ തുടർന്നാണ് നടപടി. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ടാണ് ഉദ്യോഗസ്ഥർക്ക് കൂട്ട സ്ഥലംമാറ്റം ലഭിച്ചത്.

ടാക്സ് വെട്ടിപ്പ് കണ്ടെത്തിയതിനെ തുടർന്നായിരുന്നു 6/02/2024 ന് തിരൂർ ജോയിൻറ് ആർടി ഓഫീസിലെ 6 ഓളം ഉദ്യോഗസ്ഥരെ ഒരുമിച്ച് ജില്ലയ്ക്ക് പുറത്ത് വിവിധ ഇടങ്ങളിലേക്ക് സ്ഥലം മാറ്റി ഉത്തരവിറക്കിയത്. മന്ത്രി കെ ബി ഗണേഷ് കുമാർ നേരിട്ട് ഇടപെട്ട് ട്രാൻസ്ഫർ ഉത്തരവിറക്കിയിട്ടും . ഒരു മാസത്തിലേറെയായി അഞ്ചോളം ഉദ്യോഗസ്ഥർ തിരൂർ ജോയിൻ ആർടി ഓഫീസിൽ തന്നെ തുടരുകയായിരുന്നു. പകരക്കാരെ നിയമിച്ചില്ലെന്ന കാരണം പറഞ്ഞായിരുന്നു ഉദ്യോഗസ്ഥർ തിരൂരിൽ തന്നെ തുടർന്നിരുന്നത്.

മന്ത്രിയുടെ സ്ഥലംമാറ്റം നടപ്പായില്ലെന്ന് വാർത്ത മീഡിയവൺ റിപ്പോർട്ട് ചെയ്തതോടെയാണ്. വിഷയത്തിൽ ഉടനടി നടപടി ഉണ്ടായത്. വാർത്ത വന്നതിന് പിന്നാലെ മുഴുവൻ ഉദ്യോഗസ്ഥരോടും ട്രാൻസ്ഫറായ സ്ഥലങ്ങളിലേക്ക് മാറാൻ കർശന നിർദ്ദേശം നൽകുകയായിരുന്നു.

സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധനയിൽ വ്യാപകമായ നികുതിവെട്ടിപ്പ് കണ്ടത്തിയതിനെ തുടർന്ന്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആയിരുന്നു തിരൂർ ജോയിൻറ് ആർടി ഓഫീസിൽ വ്യാപക നികുതിവെട്ടിപ്പ് കണ്ടെത്തിയത്. ഇതേ തുടർന്ന് നാല് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

സിദ്ധാർഥൻ കേസിലെ പെർഫോമ റിപ്പോർട്ട് വൈകിയ സംഭവം; ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: സിദ്ധാർഥൻ കേസിലെ പെർഫോമ റിപ്പോർട്ട് വൈകിയ സംഭവത്തിൽ ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. ആഭ്യന്തര വകുപ്പിലെ 3 ഉദ്യോഗസ്ഥരെയാണ് മുഖ്യമന്ത്രിയുടെ നിർദേശത്തെത്തുടർന്ന് സസ്പെൻഡ് ചെയ്തത്. ആഭ്യന്തര ഡെപ്യൂട്ടി സെക്രട്ടറി പ്രശാന്ത വി.കെ, സെക്ഷൻ ഓഫിസർ ബിന്ദു, അസിസ്റ്റന്റ് അഞ്ജു എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.ആഭ്യന്തര എം സെക്ഷനിലെ ഉദ്യോഗസ്ഥരെയാണ് സസ്പെൻഡ് ചെയ്തത്.

വയനാട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ പെർഫോമ റിപ്പോർട്ട് വൈകിയോ എന്ന് പരിശോധിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു.വൈകിയെങ്കിൽ അതിൽ ഉത്തരവാദി ആരെന്ന് കണ്ടെത്തണമെന്നും നടപടിയെടുക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. വിജ്ഞാപനം പുറത്തിറക്കിയിട്ടും പെർഫോമ റിപ്പോർട്ട് വൈകി എന്ന വിവരം പുറത്തുവന്നതിന് പിന്നാലെ മുഖ്യമന്ത്രി ഇടപെട്ടത്.

അതെ സമയം സിദ്ധാർഥൻ മരിച്ച സംഭവത്തിലെ പെർഫോമ റിപ്പോർട്ട് നൽകാൻ ഡി.വൈ.എസ്.പിയെ ഡൽഹിയിലേക്ക് അയക്കാൻ സർക്കാർ തീരുമാനിച്ച് സി.ബി.ഐക്കാണ് പെർഫോമ റിപ്പോർട്ട് കൈമാറുക. (കേസിന്റെ നാൾവഴി ഉൾപ്പെടുന്ന റിപ്പോർട്ടാണ് പെർഫോമ). സ്പെഷ്യൽ സെൽ ഡി.വൈ.എസ്.പി എസ് ശ്രീകാന്താണ് ഡൽഹിക്ക് പോകുന്നത്.ഈ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ സി.ബി.ഐ കേസ് പരിഗണിക്കൂ.വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും റിപ്പോർട്ട് നൽകാത്തത് വിവാദമായിരുന്നു

സിദ്ധാർഥന്റെ മരണത്തിൽ അന്വേഷണം സി.ബി.ഐക്ക് വിട്ട് ഇന്നലെ സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിരുന്നു.അന്വേഷണം സി.ബി.ഐക്ക് വിടാൻ രണ്ടാഴ്ച മുമ്പ് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും പക്ഷേ വിജ്ഞാപനം പുറത്തിറങ്ങിയിരുന്നില്ല.

സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട വിദ്യാർഥികളെ വി.സി തിരിച്ചെടുത്തതോടെ സി.ബി.ഐ അന്വേഷണത്തിൽ വിജ്ഞാപന മിറക്കാത്തത് വിവാദമായിരുന്നു. വിദ്യാർഥികളുടെ സസ്പെൻഷൻ പിൻവലിച്ചത് റദ്ദാക്കാൻ ഗവർണർ വി.സിയോട് ആവശ്യപ്പെട്ടിരുന്നു. ഇതിന് പിന്നാലെ വി.സി ഡോ.പി.സി ശശീന്ദ്രൻ രാജിവെച്ചു.

നേതൃത്വത്തെ വിമർശിച്ച എം. എസ്. എഫ് നേതാക്കളെ മുസ്ലിം ലീഗ് തിരിച്ചെടുക്കുന്നു

കോഴിക്കോട്: 'ഹരിത' നേതാക്കൾക്കെതിരായ സ്ത്രീവിരുദ്ധ പരാമർശ വിവാദത്തിൽ നേതൃത്വത്തെ വിമർശിച്ചതിന് പുറത്താക്കിയ എം.എസ്.എഫ് നേതാക്കളെ മുസ്‌ലിം ലീഗ് തിരിച്ചെടുക്കുന്നു.

മുൻ ജനറൽ സെക്രട്ടറി ലത്തീഫ് തുറയൂർ, സെക്രട്ടറി ഫവാസ് എന്നിവരെയാണ് തിരിച്ചെടുക്കുന്നത്.

ഇരുവരും ഖേദം പ്രകടിപ്പിച്ച് നേതൃത്വത്തിന് കത്തയച്ചതിനെ തുടർന്നാണ് നടപടി. പൊന്നാനിയിലെ എൽ.ഡി.എഫ് സ്ഥാനാർഥി കെ.എസ്. ഹംസയുമായി അടുത്ത ബന്ധം പുലർത്തുന്നവരാണ് ഇരുവരും.

അച്ചടക്ക നടപടിക്ക് വിധേയമായി എം.എസ് എഫ് ഹരിതയിൽ നിന്ന് പുറത്താക്കപ്പെട്ട ഫാത്തിമ തഹ്‌ലിയ, നജ്മ തബ്ഷീറ, മുഹീദ തസ്നി എന്നിവരെ തിരിച്ചെടുത്ത് യൂത്ത് ലീഗ് ദേശീയ ഭാരവാഹിത്വത്തിലേക്ക് കൊണ്ടുവരാനും മുസ് ലിം ലീഗിൽ ചർച്ച നടക്കുന്നു.

പി.കെ. കുഞ്ഞാലിക്കുട്ടിയുടെ മധ്യസ്ഥതയിലാണ് ചർച്ച നടക്കുന്നത്. ഉമർ അറക്കൽ, പി.കെ. കുഞ്ഞാലിക്കുട്ടിയുടെ സ്റ്റാഫ് അംഗം ഉബൈദ് എന്നിവരാണ് ഇപ്പോഴത്തെ ചർച്ചകൾക്ക് പിറകിലുള്ളത്.

എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ. നവാസിനെതിരെ കോടതിയിലുള്ള കേസ് പിൻവലിക്കുക, വനിതാ കമ്മീഷന് നൽകിയ പരാതി പിൻവലിക്കുക, പാർട്ടിക്ക് മാപ്പ് എഴുതി നൽകുക എന്നിവയാണ് ഇവരെ തിരിച്ചെടുക്കാനായി മുന്നോട്ടുവെച്ച വ്യവസ്ഥകൾ.

കുർബാന തർക്കത്തെ തുടർന്ന് അടച്ചിട്ട എറണാകുളം സെന്റ് മേരീസ് ബസിലിക്ക തുറന്നു

എറണാകുളം: കുർബാന തർക്കത്തെ തുടർന്ന് അടച്ചിട്ടിരുന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ ആസ്ഥാന ദേവാലയം എറണാകുളം സെൻറ് മേരീസ് ബസിലിക്ക തുറന്നു.486 ദിവസങ്ങൾക്ക് ശേഷമാണ് ബസലിക്ക തുറക്കുന്നത്.

എറണാകുളം മുൻസിഫ് കോടതിയുടെ നിർദ്ദേശത്തെ തുടർന്നാണ് തുറന്നത്. പള്ളി തുറക്കുന്നതിൽ തർക്കമില്ലെന്ന് ഇരുവിഭാഗവും കോടതിയെ അറിയിച്ചിരുന്നു. കുർബാന ഒഴികെയുള്ള മറ്റു കർമ്മങ്ങൾ നടത്താനും ധാരണ.

ഈസ്റ്റർ ദിനത്തിൽ കുർബാന അർപ്പിക്കുന്നതിനെ പറ്റി ഇരുകൂട്ടരും തമ്മിൽ തീരുമാനമെടുക്കാനും കോടതി നിർദ്ദേശം നൽകി. 2022 ലെ ക്രിസ്മസ് തലേന്നാണ് ബസിലിക്കയിൽ ഔദ്യോഗിക വിഭാഗത്തിനും വിമത വിഭാഗത്തിനുമിടയിൽ കുർബാന അർപ്പണവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിന് പിന്നാലെയാണ് പള്ളി അടച്ചത്. തർക്കവും കൈയ്യാങ്കളിയുമുണ്ടായതോടെ പൊലീസ് ഇടപെട്ടാണ് ബസിലിക്ക അടച്ചിട്ടത്.

സിദ്ധാർഥൻറെ മരണം; രേഖകൾ സി. ബി. ഐക്ക് നേരിട്ട് കൈമാറി

വയനാട്: പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ സിദ്ധാർഥൻറെ മരണത്തിലെ രേഖകൾ സംസ്ഥാനം സി.ബി.ഐക്ക് നേരിട്ട് കൈമാറി. സ്പെഷ്യൽ സെൽ ഡി.വൈ.എസ്.പി എസ്. ശ്രീകാന്ത് ഡൽഹിയിലെത്തിയാണ് രേഖകൾ കൈമാറിയത്. ഇന്നലെ മെയിൽ വഴിയും രേഖകൾ കൈമാറിയിരുന്നു.

സിദ്ധാർഥൻ കേസിലെ പ്രൊഫോമ റിപ്പോർട്ട് വൈകിയ സംഭവത്തിൽ ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. ആഭ്യന്തര വകുപ്പിലെ 3 ഉദ്യോഗസ്ഥരെയാണ് മുഖ്യമന്ത്രിയുടെ നിർദേശത്തെത്തുടർന്ന് സസ്പെൻഡ് ചെയ്തത്. ആഭ്യന്തര എം സെക്ഷനിലെ ഉദ്യോഗസ്ഥരായ ഡെപ്യൂട്ടി സെക്രട്ടറി പ്രശാന്ത് വി.കെ, സെക്ഷൻ ഓഫീസർ ബിന്ദു, അസിസ്റ്റന്റ് അഞ്ജു എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

വയനാട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സദ്ധാർത്ഥൻറെ മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ പ്രൊഫോമ റിപ്പോർട്ട് വൈകിയോ എന്ന് പരിശോധിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു.

വൈകിയെങ്കിൽ അതിൽ ഉത്തരവാദി ആരെന്ന് കണ്ടെത്തണമെന്നും നടപടിയെടുക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. വിജ്ഞാപനം പുറത്തിറക്കിയിട്ടും പെർഫോമ റിപ്പോർട്ട് വൈകി എന്ന വിവരം പുറത്തുവന്നതിന് പിന്നാലെ മുഖ്യമന്ത്രി ഇടപെട്ടത്.

അതേസമയം സിദ്ധാർഥൻറെ മരണത്തിൽ സി.ബി.ഐ അന്വേഷണം വൈകുന്നതിൻറെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവെച്ച് മുഖ്യമന്ത്രിക്ക് തലയൂരനാവില്ലെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നടപടിക്രമങ്ങൾ അറിയില്ല എന്ന് പറയുന്നത് ആരും വിശ്വസിക്കില്ല. തെളിവുകൾ നശിപ്പിക്കാനാണ് സി.ബി.ഐ അന്വേഷണം വൈകിപ്പിക്കുന്നതെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

ചെയർമാനായി ശ്രീ. കെ. സജീവ്കുമാറിനെ തെരഞ്ഞെടുത്തു

കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാനായി ശ്രീ. കെ. സജീവ്കുമാറിനെ തെരഞ്ഞെടുത്തു. ശ്രീ. രമേശ ചേലക്കലാണ് വൈസ് ചെയർമാൻ.

വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിലെ മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റു കളുടെ ഉന്നമനത്തിനായി രൂപീകൃതമായ സൊസൈറ്റിയുടെ ഭരണസമിതിയുടെ 50- ഓളം വർഷത്തെ ചരിത്രത്തിലാദ്യമായാണ് വ്യവസായികളുടെ ഇടയിൽ നിന്നും ചെയർമാനും, വൈസ് ചെയർമാനും തെരഞ്ഞെടുക്കപ്പെടുന്നത്.

ഡെപ്യൂട്ടി റജിസ്ട്രാർ തസ്തികയിലുള്ള വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ ചെയർമാനും, വകുപ്പിലെ തന്നെ ഉന്നത ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറുമായ ഭരണസംവിധാനമാണ് ഇതുവരെ നിലവിലുണ്ടായിരുന്നത്. ഭരണഘടനാ ഭേദഗതിയിലൂടെയാണ് പുതിയ സംവിധാനം നിലവിൽ വന്നത്.

ഭരണസമിതിയുടെ ജനാധിപത്യവത്കരണത്തിന് നേതൃത്വം കൊടുത്ത വ്യവസായ വകുപ്പിനെയും, ഉന്നത ഉദ്യോഗസ്ഥരെയും ഭരണസമിതി അനുമോദിച്ചു.

ഭരണസമിതി അംഗങ്ങൾ : ശ്രീ. വി. ശ്രീനിവാസൻ നായർ, ശ്രീ. എൻ.പി. പ്രസാദ്, ശ്രീ. പി. രാജൻ, ശ്രീ, സന്തോഷ് വെന്റിലോട്ട്, ശ്രീ സനൽകുമാർ. എം.വി., ശ്രീ. അശോകൻ പി.വി, ശ്രീമതി. ചിത്ര അജിത്, ശ്രീമതി. സബിത, എം.പി, ശ്രീമതി. അമീന.

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ഇന്റസ്ട്രീസ്) വടകര താലൂക്ക്, ശ്രീ. ദിജേഷ് .ഇ. തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

ബീഡി വാങ്ങാൻ കടയിൽ പോയി, അഞ്ച് ദിവസമായിട്ടും തിരിച്ചെത്തിയില്ല, വയോധികനായി തിരച്ചിൽ

പാലക്കാട്: ബീഡി വാങ്ങാൻ കടയിൽ പോയ വയോധികനെ കാണാനില്ലെന്ന് പരാതി.

കിണാശ്ശേരി സ്വദേശിയായ വേലായുധനെ(70) അഞ്ച് ദിവസമായി കാണാനില്ലെന്ന് കുടുംബം പൊലീസിൽ പരാതി നൽകി. ശനിയാഴ്ച വൈകീട്ടാണ് വേലായുധൻ വീട്ടിൽ നിന്ന് ബീഡി വാങ്ങാനായി അടുത്തുള്ള കടയിലേക്കായി പോയത്.

തിരിച്ചുവരേണ്ട സമയം കഴിഞ്ഞിട്ടും ആളെ കാണാതായതോടെയാണ് ഭാര്യ ലീലയും മകൾ ലൈജുവും പൊലീസിൽ പരാതി നൽകിയത്. മൊബൈൽ ഫോണോ, വാച്ചോ എടുത്തിരുന്നില്ലെന്നും കുടുംബം പറയുന്നു. കടയിൽ പോകുന്നതിന് മുമ്പ് ബീഡി വാങ്ങാൻ കാശ് ചോദിച്ചപ്പോൾ ലീലയുമായി ചെറിയ തർക്കമുണ്ടായി. വീടിന്റെ പടിക്കലെത്തിയപ്പോൾ ഏറെ നേരം തിരിഞ്ഞുനോക്കി നിന്നു, അപ്പോൾ എന്തുപറ്റിയെന്ന് താൻ ചോദിച്ചതായും ലീല പറയുന്നു.

ദീർഘദൂരം നടക്കുന്നൊരു ശീലം വേലായുധനുണ്ടെന്നും കുടുംബം പറയുന്നു. അങ്ങനെ എവിടേക്കെങ്കിലും പോയതാണോ എന്നും സംശയമുണ്ട്. കൊച്ചിയിൽ ബോട്ട് മെക്കാനിക്കായിരുന്നു വേലായുധൻ. പാലക്കാട് സൗത്ത് പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

'ജീവിതം മടുത്തു, പോകുന്നു....'; യുവ ഡോക്ടർ അഭിരാമിയുടെ ആത്മഹത്യാക്കുറിപ്പ് പുറത്ത്



നതിരുവനന്തപുരം: തിരുവനന്തപുരത്ത് ആത്മഹത്യ ചെയ്ത യുവ ഡോക്ടർ അഭിരാമിയുടെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങൾ പുറത്ത്. മരണത്തിന് ആരും ഉത്തരവാദികളല്ല. ജീവിതം മടുത്തതു കൊണ്ട് പോകുന്നു എന്നും ആത്മഹത്യാക്കുറിപ്പിൽ പറയുന്നു.

മറ്റ് കാരണങ്ങളൊന്നും ആത്മഹത്യാക്കുറിപ്പിൽ ഇല്ല. അഭിരാമി താമസിച്ചിരുന്ന, തിരുവനന്തപുരം മെഡിക്കൽ കോളജിന് സമീപത്തെ വീട്ടിൽ നിന്നാണ് കുറിപ്പ് മെഡിക്കൽ കോളജ് പൊലീസ് കണ്ടെടുത്തത്. അന്വേഷണം തുടരുകയാണെന്ന് പൊലീസ് സൂചിപ്പിച്ചു.

വെള്ളനാടാണ് യുവ ഡോക്ടർ അഭിരാമിയുടെ സ്വദേശം. ഏതാനും മാസങ്ങൾക്ക് മുമ്പാണ് അഭിരാമിയുടെ വിവാഹം കഴിഞ്ഞത്. ഭർത്താവും ഡോക്ടറാണ്. ആത്മഹത്യയിലേക്ക് നയിക്കാനുള്ള പ്രശ്നങ്ങളൊന്നും ഉള്ളതായി അറിയില്ലെന്ന് അഭിരാമിയുടെ പിതാവ് പറയുന്നു.ഇന്നലെയാണ് തിരുവനന്തപുരം മെഡിക്കൽ കോളജിലെ സീനിയർ റസിഡന്റ് ഡോക്ടർ അഭിരാമിയെ മെഡിക്കൽ കോളജിന് സമീപത്തെ പിടി ചാക്കോ നഗറിലെ ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. അമിത അളവിൽ അനസ്തേഷ്യ മരുന്ന് കുത്തി വച്ചതാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനം.

ഇടുക്കിയിൽ ആദിവാസി വിദ്യാർഥികൾക്ക് ഹോസ്റ്റലിൽ മർദനം

ഇടുക്കി: ഇടുക്കിയിൽ ആദിവാസി വിദ്യാർഥികൾക്ക് ഹോസ്റ്റലിൽ മർദനം.

മൂന്നാർ എം.ആർ.എസ് ഹോസ്റ്റലിലാണ് വിദ്യാർഥികളെ ഹോസ്റ്റൽ ജീവനക്കാരൻ മർദിച്ചത്. ഹോസ്റ്റൽ ജീവനക്കാരനായ സത്താറിനെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം പൊലീസ് കേസെടുത്തു.

നേരത്തെയും ഹോസ്റ്റൽ ജീവനക്കാരനെതിരെ ഇത്തരത്തിൽ പരാതികൾ ഉയർന്നിട്ടുണ്ട്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ താമസിച്ചു പഠിക്കുന്ന ഹോസ്റ്റലാണിത്. സത്താർ മർദിച്ചുവെന്ന് കാട്ടി വിദ്യാർഥികൾ കഴിഞ്ഞ ദിവസം അധ്യാപകർക്ക് പരാതി നൽകിയിരുന്നു. അധ്യാപകരാണ് മൂന്നാർ പൊലീസിൽ പരാതി നൽകിയത്.

മാണ്ഡ്യയിൽ എച്ച് ഡി കുമാരസ്വാമി എൻഡിഎ സ്ഥാനാർത്ഥി

ബംഗളൂരു: കർണാടകയിലെ മാണ്ഡ്യ ലോക്സഭ മണ്ഡലത്തിൽ ജനതാദൾ നേതാവും മുൻ മുഖ്യമന്ത്രിയുമായ എച്ച് ഡി കുമാരസ്വാമി എൻഡിഎ സ്ഥാനാർത്ഥിയായി മത്സരിക്കും. ജെഡിഎസ് അധ്യക്ഷൻ എച്ച് ഡി ദേവഗൗഡയാണ് കുമാരസ്വാമിയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്.

ജെഡിഎസ് കർണാടക സംസ്ഥാന പ്രസിഡന്റാണ് കുമാരസ്വാമി. ജനങ്ങളുടെ ആഗ്രഹം മാനിച്ചാണ് കുമാരസ്വാമിയെ മത്സരിപ്പിക്കുന്നതെന്ന് ദേവഗൗഡ പറഞ്ഞു. സിറ്റിങ് എംപിയായ സുമലതയെ തഴഞ്ഞാണ് മാണ്ഡ്യ സീറ്റ് ബിജെപി സഖ്യകക്ഷിയായ ജെഡിഎസിന് നൽകിയത്.കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ കുമാരസ്വാമിയുടെ മകൻ നിഖിൽ കുമാരസ്വാമി മത്സരിച്ചിരുന്നെങ്കിലും സുമലത അംബരീഷിനോട് പരാജയപ്പെടുകയായിരുന്നു. സ്റ്റാർ ചന്ദ്രു എന്നറിയപ്പെടുന്ന വെങ്കിട്ടരാമ ഗൗഡയെയാണ് കോൺഗ്രസ് മാണ്ഡ്യയിൽ ഇത്തവണ സ്ഥാനാർത്ഥിയാക്കിയിട്ടുള്ളത്.ബിജെപിയിൽ നിന്നും വാങ്ങിയെടുത്ത കോലാർ മണ്ഡലത്തിൽ മുതിർന്ന ജെഡിഎസ് നേതാവ് മല്ലേഷ് ബാബു മത്സരിക്കുമെന്ന് ദേവഗൗഡ പറഞ്ഞു. ദേവഗൗഡയുടെ ചെറുമകനും മുൻ മന്ത്രി എച്ച് രേവണ്ണയുടെ മകനുമായ പ്രജ്വൽ രേവണ്ണ ഹാസനിൽ മത്സരിക്കും.



ആടുജീവിതം റിലീസ് നാളെ

മുതുകുളം:നജീബിന്റെ ജീവിതഗന്ധം പരന്ന ബെന്യാമിന്റെ ആടുജീവിതം എന്ന നോവൽ ബ്ലസിയിലൂടെ ചലച്ചിത്രമായി നാളെ തിയറ്ററുകളിൽ എത്തുമ്പോൾ ആറാട്ടുപുഴ ഗ്രാമം ഉത്സാഹത്തിമിർപ്പിലാവും. തിയറ്ററുകളിൽ പൃഥിരാജ് ഫാൻസ് അസോസിയേഷൻ ആരവം തീർക്കുമ്പോൾ ആറാട്ടുപുഴയ്ക്ക് ഉത്സവലഹരി പകരാൻ ഇപ്പോൾ നജീബ് ഫാൻസ് അസോസിയേഷൻ തന്നെയുണ്ട്.

ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ ജീവചരിത്രം ആസ്പദമാക്കി വിനയൻ സംവിധാനം ചെയ്ത പത്തൊൻപതാം നൂറ്റാണ്ട് എന്ന സിനിമയുടെ അലയൊലികൾ മായും മുൻപേ അത്രപ്രളികളിൽ ആറാട്ടുപുഴയിലെ നജീബിന്റെ ജീവിതം സിനിമയിലൂടെ വീണ്ടും ചർച്ചയാകുകയാണ്.

നജീബിന്റെ പ്രവാസ ജീവിതത്തിലെ ദുരിതപർവമാണ് ചിത്രത്തിന് പ്രമേയമായതെങ്കിലും കഷ്ടതകളിൽ നിന്ന് രക്ഷപെട്ട് പിറന്ന നാട്ടിലേക്ക് എത്താൻ വെമ്പൽ കൊള്ളുന്ന മനുഷ്യമനസ്സിലെ സങ്കടക്കടൽ ഒടുവിൽ ഒഴുകിയെത്തിയത് ഈ തീരഭൂമിയിലേക്കാണ് . സിനിമയുടെ പ്രചാരണത്തിന്റെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച ചലച്ചിത്ര പ്രതിഭകളുടെ സംഗമത്തിൽ, ആടുജീവിതം സിനിമ നാട്ടിലെ തിയറ്ററിലെത്തി കാണുമെന്ന് നജീബ് പറഞ്ഞിരുന്നു.

ഏതാനും ദിവസം മുൻപ് ഉണ്ടായ ചെറുമകളുടെ വിയോഗം കുടുംബത്തെയാകെ ഉലച്ചുകളഞ്ഞു. മനസ്സിലെ വേദന തെല്ലൊന്ന് ഒഴിഞ്ഞിട്ട് കുടുംബ സമേതം തിയറ്ററിൽ എത്തി സിനിമ കാണുമെന്ന് നജീബ് പറഞ്ഞു. ആറാട്ടുപുഴയിൽ നിന്ന് കൂടുതൽ ആളുകളെ തീയറ്ററിൽ എത്തിക്കാനാണ് നജീബ് ഫാൻസ് അസോസിയേഷന്റെ തീരുമാനം.

ആറാട്ടുപുഴയിലെ മുതിർന്ന പൗരന്മാർക്ക് തിയറ്ററുകളിൽ എത്താൻ വാഹന സൗകര്യം ഏർപ്പാടാക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. നജീബിന്റെ കുടുംബം ഉൾക്കൊള്ളുന്ന ആറാട്ടുപുഴ പഞ്ചായത്തിലെ പത്തിശേരി പതിനെട്ടാം വാർഡിന്റെ പ്രതിനിധി എൽ. മൻസൂറിന്റെ നേതൃത്വത്തിലുള്ള നജീബ് ആരാധക സംഘമാണ് ഇതിനുള്ള ശ്രമം തുടങ്ങിയത്.

ആര്യവൈദ്യശാല ധർമ്മാശുപത്രി – സേവനത്തിന്റെ നൂറ് വർഷങ്ങൾ

സാന്ത്വനചികിത്സ, സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്: ഡോ. ഇ. ദിവാകരൻ

മാറിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യത്തിൽ, സാന്ത്വനചികിത്സയ്ക്ക് കൂട്ടായ നേതൃത്വവും പങ്കാളിത്തവും നൽകേണ്ടത് പരിഷ്കൃതസമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന് തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ ഡയറക്ടർ ഡോ. ഇ. ദിവാകരൻ അഭിപ്രായപ്പെട്ടു. എല്ലാ ചികിത്സകളും കഴിഞ്

യു.എൻ വെടിനിർത്തൽ പ്രമേയം പാസാക്കിയിട്ടും ആക്രമണം തുടർന്ന് ഇസ്രായേൽ

ഗസ്സ: ഐക്യരാഷ്ട്രസഭ വെടിനിർത്തൽ പ്രമേയം പാസാക്കിയിട്ടും ഗസ്സക്ക് നേരെയുള്ള ആക്രമണം തുടർന്ന് ഇസ്രായേൽ. വടക്കൻ ഗസ്സയിലെ റഫയിൽ ഒരു വീടിന് നേരെ നടന്ന ആക്രമണത്തിൽ ഒമ്പത് കുട്ടികൾ ഉൾപ്പെടെ 18 പേർ കൊല്ലപ്പെട്ടു. ഒക്ടോബർ ഏഴിന് തുടങ്ങിയ ആക്രമണത്തിൽ ഇതുവരെ 32,333 ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. 74,694 പേർക്ക് പരിക്കേറ്റു.

ഗസ്സയിൽ വെടിനിർത്തൽ ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസമാണ് യു.എൻ രക്ഷാകൗൺസിൽ പ്രമേയം പാസാക്കിയത്. യു.എസ് വീറ്റോ ചെയ്യാതെ വോട്ടെടുപ്പിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു. ഹമാസ് വെടിനിർത്തൽ പ്രമേയത്തെ സ്വാഗതം ചെയ്തിരുന്നു. പ്രമേയത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അത് പാലിക്കുന്നതിൽ ഇസ്രായേലും ഉത്തരവാദിത്തം കാണിക്കണമെന്നും ഹമാസ് പൊളിറ്റിക്കൽ ബ്യൂറോ അംഗവും മുതിർന്ന നേതാവുമായ ബാസിം നഈം പറഞ്ഞു.

ഗസ്സയിൽനിന്ന് ഇസ്രായേൽ സേന പൂർണമായും പിൻമാറണമെന്നും സ്ഥിരം വെടിനിർത്തൽ നടപ്പാക്കണമെന്നും ബാസിം നഈം ആവശ്യപ്പെട്ടു. മുഴുവൻ തടവുകാരെയും വിട്ടയക്കാൻ തങ്ങൾ സന്നദ്ധരാണെന്നും ഇസ്രായേൽ മുഴുവൻ ഫലസ്തീനികളെയും വിട്ടയക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അതേസമയം യു.എൻ വെടനിർത്തിൽ പ്രമേയം അംഗീകരിക്കില്ലെന്ന് ഇസ്രായേൽ വ്യക്തമാക്കി. ഗസ്സയിൽനിന്നുള്ള ഇസ്രായേലിന്റെ പിൻമാറ്റം അടക്കമുള്ള ഹമാസിന്റെ ആവശ്യങ്ങളെ വ്യാമോഹം എന്നാണ് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വിശേഷിപ്പിച്ചത്.

'അറസ്റ്റുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ നിരീക്ഷിക്കുന്നു'; കെജ്‌രിവാളിന്റെ അറസ്റ്റിൽ പ്രതികരണവുമായി അമേരിക്കയും

ഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിൽ പ്രതികരണവുമായി അമേരിക്ക രംഗത്തെത്തി. ന്യായവും സുതാര്യവുമായ നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി അമേരിക്ക അറിയിച്ചു. കെജ്രിവാളിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ നിരീക്ഷിക്കുന്നതായും സ്റ്റേറ്റ് വക്താവ് വ്യക്തമാക്കി.

ആരോപണങ്ങൾ നേരിടുന്ന ഏതൊരു ഇന്ത്യൻ പൗരനെയും പോലെ കെജ്രിവാളിനും ന്യായവും നിഷ്പക്ഷവുമായ വിചാരണയ്ക്ക് അർഹതയുണ്ടെന്ന് ജർമ്മനി അറിയിച്ചതിന് പിന്നാലെയാണ് അമേരിക്കയുടെ പ്രതികരണം. ജർമ്മനിയുടെ അഭിപ്രായത്തോട് ഇന്ത്യ ഗവൺമെന്റ് ശക്തമായി പ്രതികരിക്കുകയും ചെയ്തിരുന്നു.ഇത്തരം പരാമർശങ്ങൾ തങ്ങളുടെ നീതിന്യായ വ്യവസ്ഥയിൽ കൈകടത്തുന്നതും, സ്വാതന്ത്ര്യത്തെ ബാധിക്കുന്നതുമാണ്, പക്ഷപാതപരമായ അനുമാനങ്ങൾ അനാവശ്യമാണെന്നും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു.അതേ സമയം അമേരിക്കയോട് മോദി സർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

മാർച്ച് 21 ന് ഡൽഹി മദ്യനയ അഴിമതിക്കേസിൽ കെജ്രിവാളിനെ അറസ്റ്റ് ചെയ്തിരുന്നു. അറസ്റ്റിൽ ഇന്ത്യയിൽ പലയിടത്തും പ്രതിഷേധങ്ങൾ ഉയർന്ന് വരികയും ചെയ്തു. മദ്യനയ അഴിമതിക്കേസിൽ അറസ്റ്റ് തടയണമെന്ന ഹരജി ഹൈക്കോടതി തള്ളിയതിന് പിന്നാലെയാണ് കെജ്രിവാളിന്റെ വീട്ടിൽ ഇ.ഡി എത്തിയത്. തുടർന്ന് വ്യാഴാഴ്ച വരെ ഏഴ് ദിവസത്തെ ഇ.ഡി കസ്റ്റഡിയിൽ വിട്ടു.ഇ.ഡിയെ ഉപയോഗിച്ച് എതിരാളികളെ ബി.ജെ.പി ലക്ഷ്യമിട്ട് ഉപദ്രവിക്കുകയാണെന്ന് പ്രതിപക്ഷ പാർട്ടികൾ ആരോപിച്ചു. എന്നാൽ ബി.ജെ.പി ആരോപണങ്ങൾ തള്ളിക്കളഞ്ഞു.

ഭക്ഷ്യക്കിറ്റുകൾ ശേഖരിക്കാൻ കടലിൽ ഇറങ്ങിയ 18 ഫലസ്തീനികൾ മുങ്ങിമരിച്ചു

ഗസ്സ സിറ്റി:കടലിൽ ഇറക്കിയ ഭക്ഷണപ്പൊതികൾ ശേഖരിക്കാനിറങ്ങിയ 18 ഫലസ്തീനികൾ മുങ്ങി മരിച്ചു. ഗസ്സയിലേക്കുള്ള ഭക്ഷണമടക്കമുള്ള സഹായങ്ങൾ കരമാർഗം എത്തിക്കുന്നത് ഇസ്രായേൽ മുടക്കിയതിനെ തുടർന്നാണ് ഭക്ഷ്യസഹായം ആകാശമാർഗം എത്തിച്ചത്.

മെഡിറ്ററേനിയൻ കടലിൽ ഇറക്കിയ ഭക്ഷ്യകിറ്റുകൾ ശേഖരിക്കാനിറങ്ങിയ ആൾക്കൂട്ടമാണ് അപകടത്തിൽപ്പെട്ടതെന്ന് ഗസ്സ ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. ഭക്ഷണപ്പൊതികൾ ശേഖരിക്കാൻ നൂറ് കണക്കിന് നാളുകളാണ് ആഴക്കടലിലേക്ക് ഇറങ്ങിയത്. ഈ മാസാദ്യം ഭക്ഷ്യകിറ്റുകൾ തലയിൽ വീണുണ്ടായ അപകടത്തിൽ അഞ്ച് പേർ മരിച്ചിരുന്നു.

ആറ് മാസത്തോളമായി തുടരുന്ന ഇസ്രായേൽ കൂട്ടക്കുരുതിയിൽ ഗസ്സ കനത്ത പട്ടിണിയെ ആണ് അഭിമുഖീകരിക്കുന്നത്. ഇതിനെ തുടർന്നാണ് എയർഡ്രോപ്പ് സംവിധാനത്തിലൂടെ ഭക്ഷണപ്പൊതികൾ എത്തിക്കാൻ അമേരിക്കയടക്കമുള്ള ലോക രാജ്യങ്ങൾ തയാറായത്. 18 പേരുടെ മരണം റിപ്പോർട്ട് ചെയ്തതിന് പിന്നാലെ ഗസയിലേക്ക് ആകാശമാർഗം ഭക്ഷണകിറ്റുകൾ എത്തിക്കുന്നത് നിർത്തിവെക്കണമെന്ന് ഹമാസ് വിദേശ രാജ്യങ്ങളോട് ആവശ്യപ്പെട്ടു.

വെടിനിർത്തൽ നടപ്പാക്കണമെന്ന യുഎൻ സുരക്ഷാ കൗൺസിലിന്റെ പ്രമേയം പാസാക്കിയ സാഹചര്യത്തിൽ കരമാർഗം കൂടുതൽ ?ട്രക്കുകൾ പ്രവേശിക്കാൻ അനുവദിക്കണമെന്നും ഹമാസ് ആവശ്യപ്പെട്ടു.

ഗസ്സ കനത്ത ക്ഷാമം അഭിമുഖീകരിക്കുകയാണെന്നും അതൊഴിവാക്കാൻ വിമാനമാർഗ്ഗമോ കടൽ വഴിയോ വഴി കൂടുതൽ സഹായം എത്തിക്കണമെന്ന് യുണിസെഫ് പറഞ്ഞു.

അടിയന്തര വെടിനിർത്തൽ പ്രമേയം പാസാക്കി 24 മണിക്കൂർ പിന്നിട്ടിട്ടും ഗസ്സയിൽ കുരുതി തുടരുകയാണ് ഇസ്രായേൽ. റഫയിലും ഖാൻയൂനുസിലും വടക്കൻ ഗസ്സയിലുമടക്കം ഇന്നലെയും ഇസ്രായേൽ വൻതോതിൽ ബോംബുവർഷം തുടർന്നു.

ഇതുവരെ 32,414 ഫലസ്തീനികൾ കൊല്ലപ്പെട്ടതായാണ് കണക്കുകൾ പറയുന്നു.

ടൈറ്റാനിക്കിൽ 'റോസിനെ രക്ഷിച്ച തടിക്കഷണം'; ലേലം ചെയ്തത് 5 കോടിക്ക്

ലോസ് ആഞ്ജലീസ്: ലോകസിനിമ ചരിത്രത്തിൽ ഏക്കാലത്തെയും ക്ലാസിക് എന്ന് വിശേഷിപ്പിക്കാവുന്ന ചിത്രമാണ് ടൈറ്റാനിക്. 1997ൽ ജെയിംസ് കാമറൂൺ സംവിധാനം ചെയ്ത ടൈറ്റാനിക്കിലെ ഓരോ രം?ഗങ്ങളും ഇന്നും ചർച്ചാവിഷയമാണ്. ലിയോനാർഡോ ഡികാപ്രിയോയും കേറ്റ് വിൻസ്ലെറ്റും ജാക്കും റോസുമായി നിറഞ്ഞാടിയ ചിത്രത്തിന്റെ ക്ലൈമാക്സ് രംഗങ്ങൾ ഓർമയില്ലാത്തവർ ഉണ്ടാവില്ല.

അനശ്വര പ്രണയത്തിന്റെ കഥ പറഞ്ഞ ചിത്രത്തിന്റെ ക്ലൈമാക്സ് രംഗത്തിൽ റോസിനെ രക്ഷിച്ചത് ഒരു 'വാതിൽപ്പലക'യുടെ കഷണമാണ്. പലകയിൽ രണ്ടുപേർക്കിടമില്ലാത്തതിനാൽ ജാക്ക് വെള്ളത്തിൽ തണുത്തുറഞ്ഞ്മരിക്കുകയായിരുന്നു. ഇപ്പോഴിതാ ആ പലക കഷ്ണം ലേലത്തിൽ വിറ്റു പോയെന്ന വാർത്തയാണ് പുറത്തു വരുന്നത്. 7,18,750 ഡോളറിന് (5.99 കോടി രൂപ) ആണ് തടിക്കഷണം ലേലത്തിൽ പോയത്.

ബാൾസ മരത്തിന്റെ പലകയാണ് സിനിമയിൽ വാതിലിനായി ഉപയോഗിച്ചത്. ജാക്കിന് പലകയിൽ ഇടംകിട്ടാതിരുന്നതിനെ ശാസ്ത്രവസ്തുതകൾ നിരത്തി ചിലർ ചോദ്യം ചെയ്തിരുന്നു. സിനിമയിറങ്ങി 25-ാം വർഷം സംവിധായകൻ ജെയിംസ് കാമറൂൺ ശാസ്ത്രീയപരീക്ഷണത്തിലൂടെ ഈ സംശയം ദൂരികരിക്കുകയും ചെയ്തു.

പത്രിയിലേക്ക് മാറ്റുമെന്നും അദ്ദേഹം പറഞ്ഞു.

ഒരാഴ്ചയ്ക്കിടെ പാകിസ്ഥാനിൽ ചൈനക്കെതിരെ നടക്കുന്ന മൂന്നാമത്തെ വലിയ ആക്രമണമാണിത്. ആദ്യ രണ്ട് ആക്രമണങ്ങൾ ബലൂചിസ്ഥാനിലെ തെക്കുപടിഞ്ഞാറൻ പ്രവിശ്യയിലെ വ്യോമതാവളത്തിലും തന്ത്രപ്രധാനമായ തുറമുഖത്തുമായിരുന്നു.

ആറുവയസുകാരനെ തട്ടിക്കൊണ്ടുപോയെന്ന് അജ്ഞാത സന്ദേശം; ഫോൺകോൾ ഇറവിടം തേടി പൊലീസ്

കോട്ടയം: കാഞ്ഞിരപ്പള്ളിയിൽ ആറുവയസ്സുകാരനെ തട്ടിക്കൊണ്ടുപോയെന്ന് അജ്ഞാത സന്ദേശം.

കാഞ്ഞിരപ്പള്ളി എകെജെഎം സ്കൂളിൽ നിന്ന് കുട്ടിയെ തട്ടിക്കൊണ്ടുപോയതായി ചൈൽഡ് ലൈനിൽ ഫോൺ കോൾ എത്തുകയായിരുന്നു. സംഭവത്തിൽ കാഞ്ഞിരപ്പള്ളി പൊലീസ് അന്വേഷണം ആരംഭിച്ചു.

ഇന്ന് രാവിലെ ഒമ്പത് മണിയോടെയാണ് സംഭവം. കാഞ്ഞിരപ്പള്ളി എകെജെഎം സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർഥിയെ തട്ടിക്കൊണ്ടു പോയെന്ന് ചൈൽഡ് ലൈനിന്റെ ഹെൽപ്പ് ലൈൻ നമ്പറിലേക്കാണ് ഫോൺ കോൾ എത്തിയത്. കെഎൽ 05 ൽ തുടങ്ങുന്ന വെള്ളക്കാറിൽ ആറുവയസ്സുകാരനായ കുട്ടിയെ തട്ടിക്കൊണ്ടു പോയെന്നായിരുന്നു സന്ദേശം.ഇതേതുടർന്ന് സ്കൂളിലെത്തിയ പൊലീസ് സംഘം സിസിടിവി ദൃശ്യങ്ങളടക്കം പരിശോധന നടത്തിയെങ്കിലും അസ്വഭാവികമായി ഒന്നും കണ്ടെത്താനായില്ല. ഫോൺ കോളിന്റെ വിശ്വാസ്യത പരിശോധിക്കാനും ഉറവിടം കണ്ടെത്താനും പൊലീസ് സൈബർ പൊലീസിന്റെ സഹായം തേടിയിട്ടുണ്ട്.

കുടിവെള്ളം ദുരുപയോഗിച്ചു; ബെംഗളൂരുവിൽ 22 കുടുംബങ്ങൾക്ക് 1.10 ലക്ഷം പിഴ

പതിറ്റാണ്ടുകൾക്കിടയിലെ ഏറ്റവും വലിയ ജലദൗർലഭ്യത്തിക്കിടയിൽ ബെംഗളൂരുവിൽ കുടിവെള്ളം ദുരുപയോഗിച്ച 22 കുടുംബങ്ങൾക്ക് വൻ തുക പിഴ. കാർ കഴുകലടക്കം അത്യാവശ്യമല്ലാത്ത കാര്യങ്ങൾക്ക് വെള്ളം ഉപയോഗിച്ചവർക്കാണ് ബാംഗ്ലൂർ വാട്ടർ സപ്ലൈ ആൻഡ് സീവറേജ് ബോർഡ് (ബി.ഡബ്ല്യൂ.എസ്.എസ്.ബി) 1.10 ലക്ഷം പിഴയിട്ത്. മൂന്നു ദിവസത്തിനുള്ളിലാണ് ഇത്രയും പിഴ ബോർഡ് ഈടാക്കിയത്.

വെള്ളം അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കണമെന്ന് അധികൃതർ നേരത്തെ ബെംഗളൂരു നിവാസികളോട് നിർദേശിച്ചിരുന്നു. നഗരത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്താണ് മിക്ക പരാതികളും രജിസ്റ്റർ ചെയ്യുന്നതെന്നും പരാതികൾക്കൊപ്പം വെള്ളം മിതമായി ഉപയോഗിക്കണമെന്ന് ആവശ്യപ്പെട്ട് മുന്നറിയിപ്പുകൾ നൽകുന്നുണ്ടെന്നും ബോർഡ് ചെയർപേഴ്സൺ റാം പ്രശാന്ത് മനോഹർ പറഞ്ഞു.

ഇതുവരെ ഈടാക്കിയ 1.10 ലക്ഷം രൂപയിൽ 65,000 രൂപയും നഗരത്തിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗത്ത് നിന്ന് മാത്രം പിഴ ഈടാക്കിയതാണെന്നും അധികൃതർ പറഞ്ഞു.

നഗരത്തിൽ വാഹനങ്ങൾ വൃത്തിയാക്കൽ, പൂന്തോട്ടപരിപാലനം, കെട്ടിട നിർമാണം, ജലധാരകൾ പ്രവർത്തിപ്പിക്കൽ തുടങ്ങിയവക്ക് വെള്ളം ഉപയോഗിക്കുന്നതിന് ഈ മാസം ആദ്യം ബോർഡ് നിരോധനം ഏർപ്പെടുത്തിയിരുന്നു.'നഗരത്തിൽ അനുദിനം താപനില ഉയരുകയാണ്, കഴിഞ്ഞ ദിവസങ്ങളിൽ മഴയില്ലാത്തതിനാൽ ഭൂഗർഭജലനിരപ്പ് കുറഞ്ഞു. തൽഫലമായി, നഗരത്തിലെ വെള്ളം പാഴാകുന്നത് തടയേണ്ടത് ആവശ്യമാണ്, പൊതുജനങ്ങൾ കുടിവെള്ളം മിതമായി ഉപയോഗിക്കുകയും വേണം' ബോർഡ് ഉത്തരവിൽ പറയുന്നു.

ബെംഗളൂരുവിൽ പ്രതിദിനം 500 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ (എം.എൽ.ഡി) ക്ഷാമം നേരിടുന്നുണ്ടെന്ന് മാർച്ച് പകുതിയോടെ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞിരുന്നു. 2600 ദശലക്ഷം ലിറ്റർ വെള്ളമാണ് യഥാർത്ഥത്തിൽ നഗരത്തിന് വേണ്ടതെന്നും പറഞ്ഞു. ബെംഗളൂരുവിലെ 14,000 കുഴൽക്കിണറുകളിൽ 6,900 എണ്ണവും വറ്റിയെന്നും അദ്ദേഹം പറഞ്ഞു.

പാകിസ്ഥാനിൽ ചാവേർ ബോംബാക്രമണം; അഞ്ച് ചൈനീസ് പൗരന്മാർ കൊല്ലപ്പെട്ടു

ലാഹോർ: വടക്കുപടിഞ്ഞാറൻ പാകിസ്ഥാനിലുണ്ടായ ചാവേർ ബോംബാക്രമണത്തിൽ അഞ്ച് ചൈനീസ് പൗരന്മാരും ഒരു പാകിസ്ഥാൻ പൗരനും കൊല്ലപ്പെട്ടതായി റിപ്പോർട്ട്.

ഇസ്ലാമാബാദിൽ നിന്നും ബലൂചിസ്താനിലെ ഖൈബർ പഖ്തുൻഖ പ്രവിശ്യയിലെ ദാസു ക്യാമ്പിലേക്ക് പോകുകയായിരുന്ന ചൈനീസ് എഞ്ചിനീയർമാരുടെ വാഹനവ്യൂഹത്തിലേക്ക് സ്ഫോടകവസ്തുക്കൾ നിറച്ച വാഹനം ഇടിച്ചുകയറ്റുകയായിരുന്നുവെന്ന് റീജിയണൽ പൊലീസ് മേധാവി മുഹമ്മദ് അലി ഗന്ധപൂർ പറഞ്ഞതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.ആക്രമണത്തിൽ അഞ്ച് ചൈനീസ് പൗരന്മാരും വാഹനം ഓടിച്ചിരുന്ന പാകിസ്ഥാനി ഡ്രൈവറും കൊല്ലപ്പെട്ടു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. സംഭവം ചാവേർ ആക്രമണം ആണെന്നും ബന്ധപ്പെട്ട അധികാരികൾ തെളിവുകൾ ശേഖരിക്കുകയാണെന്നും ബിഷാം സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) ഭക്ത് സാഹിർ പറഞ്ഞതായും റിപ്പോർട്ടുണ്ട്. ആക്രമണ സ്ഥലത്ത് സുരക്ഷാ ശക്തമാക്കിയിട്ടുണ്ടെന്നും മൃതദേഹങ്ങൾ ആശുപ

ഹോളി ആഘോഷിച്ചവർ നോമ്പ് മുറിപ്പിച്ചെന്ന് മുസ്‌ലിം ഡ്രൈവർ

താനെ: ഹോളി ആഘോഷിച്ചവർ ആക്രമണം നടത്തി നോമ്പ് മുറിപ്പിച്ചെന്ന് മുസ്‌ലിം ഡ്രൈവർ. മഹാരാഷ്ട്രയിലെ താനെയിൽ തിങ്കളാഴ്ചയാണ് സംഭവം. ഓട്ടോറിക്ഷയിൽ യാത്രക്കാരിയുമായി പോകവേ നിറങ്ങളും വെള്ളവുമെറിഞ്ഞ് നോമ്പ് മുറിപ്പിച്ചെന്ന് ഡ്രൈവറായ ഖാൻ മുഹമ്മദ് ഖാദിറാണ് ആരോപിച്ചത്. യാത്രക്കാരിയുമായി കൽവയിൽനിന്ന് ഘരേഗാവിലേക്കുള്ള യാത്രക്കിടെയായിരുന്നു സംഭവമെന്നും പറഞ്ഞു.

'കൽവയിലെ ഡിമാർട്ട് ഏരിയയിൽ നിന്ന് ഞാൻ യാത്രക്കാരിയെ കയറ്റി, അവരെ ഘരേഗാവിൽ വിടാൻ പോകുകയായിരുന്നു. ഞങ്ങൾ ഘരേഗാവ് നാക ഏരിയയിലൂടെ പോകുമ്പോൾ നാലോ അഞ്ചോ അജ്ഞാതർ എന്റെ ഓട്ടോ തടഞ്ഞുനിർത്തി ബലമായി നിറങ്ങൾ എറിഞ്ഞു. നോമ്പനുഷ്ഠിക്കുന്നുവെന്ന് ഞാൻ അവരോട് പറഞ്ഞെങ്കിലും അവർ ചെവിക്കൊണ്ടില്ല' കൽവ നിവാസിയായ ഖാദിർ പറഞ്ഞു. ബലം പ്രയോഗിച്ച് തന്റെ ചുണ്ടിലും മുഖത്തും ഛായം തേച്ചതായും പറഞ്ഞു. ഖാദിറിന്റെ ഓട്ടോയുടെ ഗ്ലാസും സംഘം തകർത്തു.

ഭയന്ന യാത്രക്കാരി തങ്ങളെ വിട്ടയക്കണമെന്ന് അപേക്ഷിച്ചു. 'എനിക്ക് നോമ്പ് തുറക്കേണ്ടി വന്നു. അത് എനിക്ക് ബുദ്ധിമുട്ടുണ്ടാക്കി. പൊലീസ് നടപടിയെടുക്കണം' അദ്ദേഹം പറഞ്ഞു. കൽവ പൊലീസ് സ്റ്റേഷനിൽ പരാതിയും നൽകി. സംഭവത്തിൽ അജ്ഞാതരായ അഞ്ച് പേർക്കെതിരെ കേസെടുത്തതായി ഹേറ്റ് ഡിറ്റക്ടർ ട്വീറ്റ് ചെയ്തു. ഹോളി ആഘോഷത്തിനിടെ നേരത്തെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

ഉത്തർപ്രദേശിലെ ബിജ്നോറിൽ ഹോളി ആഘോഷത്തിനിടെ മുസ്ലിം സ്ത്രീകൾ അപമാനിക്കപ്പെട്ടിരുന്നു. സംഭവത്തിൽ ഒരാൾ അറസ്റ്റിലാകുകയും ചെയ്തു. പ്രായപൂർത്തിയാവാത്ത മൂന്നുപേരെയും പൊലീസ് കസ്റ്റഡിയിലെടുത്തു. ഒരു പുരുഷനും രണ്ട് സ്ത്രീകളും ബൈക്കിൽ പോകുമ്പോൾ ഹോളി ആഘോഷിക്കുന്ന ഒരു കൂട്ടം യുവാക്കൾ അവരുടെ ദേഹത്തേക്ക് പൈപ്പിൽ വെള്ളമടിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു.

സ്ത്രീകൾ പ്രതിഷേധിച്ചെങ്കിലും അതിക്രമം തുടരുകയായിരുന്നു. ബക്കറ്റിൽ വെള്ളമെടുത്ത് ഇവരുടെ ദേഹത്ത് ഒഴിക്കുന്ന ദൃശ്യങ്ങളും വീഡിയോയിലുണ്ട്. പുരുഷന്റെയും ഒരു സ്ത്രീയുടെയും മുഖത്ത് ബലം പ്രയോഗിച്ച് കളർ പൂശുകയും ചെയ്തിരുന്നു. സ്ത്രീകൾ പ്രതിഷേധിച്ചപ്പോൾ ഇത് 70 വർഷമായി നടക്കുന്ന ആചാരമാണെന്ന് അക്രമികൾ പറയുന്നതും വീഡിയോയിൽ കേൾക്കാം.

'ഷഹീദെന്ന വാക്കിനുള്ള നിരോധനം നീക്കണം'; നിർദേശവുമായി മെറ്റ ഓവർസൈറ്റ് ബോർഡ്

'ഷഹീദെ'(രക്തസാക്ഷി)ന്ന അറബി പദത്തിനുള്ള നിരോധനം നീക്കണമെന്ന് മെറ്റയുടെ ഓവർസൈറ്റ് ബോർഡ് കമ്പനിയോട് നിർദേശിച്ചു.

ഈ പദത്തിനുള്ള നിരോധനം ആവിഷ്കാര സ്വാതന്ത്ര്യത്തെയും വാർത്താ റിപ്പോർട്ടിങ്ങിനെയും ബാധിച്ചുവെന്ന് ഒരു വർഷം നീണ്ട അവലോകനത്തിലൂടെ മെറ്റ പ്ലാറ്റ്ഫോമിന്റെ ഉള്ളടക്കം നിരീക്ഷിക്കുന്ന ബോർഡ് കണ്ടെത്തുകയായിരുന്നു. ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ഏറ്റവുമധികം സെൻസർ ചെയ്യപ്പെടുന്ന വാക്കാണ് ഷഹീദ്. ഈ വാക്ക് സെൻസർ ചെയ്തത് ദശലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ ബാധിച്ചുവെന്ന് മെറ്റയുടെ അപേക്ഷ പ്രകാരം നടത്തിയ അന്വേഷണത്തിലാണ് ബോർഡ് കണ്ടെത്തിയത്.

നിരവധി അർഥങ്ങളുള്ള ഷഹീദെന്ന പദത്തിന്റെ മതപരമായ പ്രാധാന്യവും ഭാഷാപരമായ സങ്കീർണതകളും ഉൾക്കൊള്ളാൻ മെറ്റ പാടുപെട്ടതായി ബോർഡ് ചൂണ്ടിക്കാട്ടി. അറബിയേതര ഭാഷകൾ സംസാരിക്കുന്നവരും (മിക്കപ്പോഴും മുസ്‌ലിംകൾ)കടമെടുത്ത വാക്കായി ഷഹീദെന്ന പദം മെറ്റ പ്ലാറ്റ്ഫോമിൽ ഉപയോഗിച്ചപ്പോൾ സെൻസർ ചെയ്യപ്പെട്ടുവെന്നും ബോർഡ് പറഞ്ഞു.



അക്രമത്തിന്റെ വ്യക്തമായ സൂചനകളുമായി ബന്ധപ്പെടുത്തുമ്പോഴോ മറ്റു മെറ്റ നിയമങ്ങൾ ലംഘിക്കുകയാണെങ്കിലോ 'ഷഹീദ്' എന്ന വാക്ക് അടങ്ങിയ പോസ്റ്റുകൾ നീക്കം ചെയ്യാവുവെന്നും മെറ്റ ധനസഹായം നൽകുന്നതും എന്നാൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതുമായ ബോർഡ് പറഞ്ഞു.

മിഡിൽ ഈസ്റ്റിൽനിന്നടക്കമുള്ള ഉള്ളടക്കം കമ്പനി കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് വർഷങ്ങളോളം വിമർശനം ഉയർന്നതിന് ശേഷമാണ് ഈ നിർദേശം വരുന്നത്. മെറ്റയുടെ സമീപനം ഫലസ്തീനികളുടെയും അറബി ഭാഷ സംസാരിക്കുന്ന മറ്റു ഉപയോക്താക്കളുടെയും മനുഷ്യാവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി 2021ൽ മെറ്റ തന്നെ നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു.

ഒക്ടോബറിൽ ഇസ്രായേലും ഹമാസും തമ്മിലുള്ള യുദ്ധം ആരംഭിച്ചതിന് ശേഷം മെറ്റക്കെതിരെ വിമർശനങ്ങൾ വർധിക്കുകയായിരുന്നു. ഗസ്സയിൽ പതിനായിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുന്ന പശ്ചാത്തലത്തിൽ ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ഫലസ്തീനികളെ പിന്തുണയ്ക്കുന്ന ഉള്ളടക്കം മെറ്റ അടിച്ചമർത്തുകയാണെന്ന് വിവിധ മനുഷ്യാവകാശ സംഘങ്ങൾ കുറ്റപ്പെടുത്തി.മെറ്റ ഓവർസൈറ്റ് ബോർഡ് ചൊവ്വാഴ്ചത്തെ റിപ്പോർട്ടിലും സമാനമായ നിഗമനങ്ങളിലാണ് എത്തിച്ചേർന്നത്. 'ഷഹീദ്' എന്നതിനെക്കുറിച്ചുള്ള മെറ്റയുടെ നിയമങ്ങൾ വാക്കിന്റെ വിവിധ അർത്ഥങ്ങൾ കണക്കിലെടുക്കുന്നതിൽ പരാജയപ്പെട്ടുവെന്നും അക്രമാസക്തമായ പ്രവർത്തനങ്ങളെ പുകഴ്ത്താൻ ലക്ഷ്യമിട്ടല്ലാതെയുള്ള ഉള്ളടക്കം നീക്കുന്നതിൽ കലാശിച്ചുവെന്നും റിപ്പോർട്ടിൽ പറഞ്ഞു.

'സെൻസർഷിപ്പിലൂടെ സുരക്ഷ മെച്ചപ്പെടുത്താൻ കഴിയുമെന്ന അനുമാനത്തിലാണ് മെറ്റ പ്രവർത്തിക്കുന്നത്, എന്നാൽ തെളിവുകൾ സൂചിപ്പിക്കുന്നത് സെൻസർഷിപ്പ് ജനങ്ങളെ പാർശ്വവത്കരിക്കാൻ ഇടയാക്കുമെന്നാണ്. അതേസമയം നിയന്ത്രണം സുരക്ഷ മെച്ചപ്പെടുത്തുന്നുമില്ല' ഓവർസൈറ്റ് ബോർഡ് കോ-ചെയർ ഹെല്ലെ തോണിംഗ്-ഷ്മിത്ത് പ്രസ്താവനയിൽ പറഞ്ഞു.

തീവ്ര ഇസ്‌ലാമിക സംഘങ്ങൾ, മയക്കുമരുന്ന് സംഘങ്ങൾ, വെള്ളക്കാരുടെ വർണവെറി സംഘങ്ങൾ എന്നിങ്ങനെയുള്ള 'അപകടകരമായ' സംഘടനാ പ്രതിനിധികളെ പരാമർശിക്കുന്നതിനായി 'ഷഹീദ്' ഉപയോഗിക്കുന്ന ഏത് പോസ്റ്റുകളും മെറ്റ നിലവിൽ നീക്കം ചെയ്യുന്നുണ്ട്. 'അപകടകരമായ സംഘടന' എന്ന് പറയുന്ന സംഘങ്ങളിൽ ഹമാസിനെയും മെറ്റ ഉൾപ്പെടുത്തിയിട്ടുണ്ട്.

നയത്തിന്റെ പുനർമൂല്യനിർണയം 2020-ൽ തന്നെ മെറ്റ ആരംഭിച്ചിരുന്നു. എന്നാൽ ആന്തരികമായി സമവായത്തിലെത്തുന്നതിൽ പരാജയപ്പെട്ടതോടെ കഴിഞ്ഞ വർഷം വിഷയത്തിൽ മെറ്റ തങ്ങളുടെ നിർദേശം തേടുകയായിരുന്നുവെന്നാണ് ബോർഡ് പറയുന്നത്. മെറ്റ പ്ലാറ്റ്ഫോമുകളിൽ പോസ്റ്റുകൾ നീക്കം ചെയ്യപ്പെടാൻ, 'ഷഹീദ്' എന്ന വാക്ക് ഏറെ ഇടയാകുന്നുണ്ടെന്നും വെളിപ്പെടുത്തി.

ബോർഡിന്റെ നിർദേശം കമ്പനി അവലോകനം ചെയ്യുകയും 60 ദിവസത്തിനുള്ളിൽ പ്രതികരിക്കുകയും ചെയ്യുമെന്ന് മെറ്റാ വക്താവ് പ്രസ്താവനയിൽ പറഞ്ഞു.അതേസമയം, ഗസ്സ യുദ്ധത്തിനിടയിൽ ഫലസ്തീൻ അനുകൂല ഉള്ളടക്കങ്ങളെ മെറ്റ സെൻസർ ചെയ്യുന്നതായി ഹ്യൂമൻ റൈറ്റ്സ് വാച്ച് കണ്ടെത്തിയിരുന്നു. വികലമായ മെറ്റ നയങ്ങളും ഭരണകൂട സ്വാധീനവുമാണ് ഇതിന് കാരണമായതെന്നും പറഞ്ഞു.

'

ഉദിച്ചുയരാൻ കമിൻസിൻറെ ഹൈദരാബാദ്, ഹാർദ്ദിക് പാണ്ഡ്യക്ക് അഗ്നിപരീക്ഷ

ഹൈദരാബാദ്: ഐപിഎല്ലിൽ മുംബൈ ഇന്ത്യൻസ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് കളി തുടങ്ങുക. തോറ്റ് തുടങ്ങിയ മുംബൈയും ഹൈദരാബാദും ആദ്യ ജയത്തിനായി നേർക്കുനേർ. സൺറൈസേഴ്സ് കൊൽക്കത്തയിൽ നൈറ്റ് റൈഡേഴ്സിനോട് പൊരുതിതോറ്റപ്പോൾ,തോറ്റ് തുടങ്ങുന്ന ശീലമുള്ള മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിന് മുന്നിൽ കീഴടങ്ങി.

തോൽവിയുടെ ഭാരം മുഴുവൻ ഏറ്റെടുക്കേണ്ടിവന്ന ക്യാപ്റ്റൻ ഹാർദിക് പണ്ഡ്യ തന്നെയാവും ഇന്നും ശ്രദ്ധാകേന്ദ്രം. ടീം മാനേജ്മെന്റിന്റെ ഉറച്ച പിന്തുണയുണ്ടെങ്കിലും ഹാർദിക്കിനെ പൂർണമായി ഉൾക്കൊള്ളാൻ ടീമംഗങ്ങൾക്കും ആരാധകർക്കും കഴിഞ്ഞിട്ടില്ല. ആദ്യമത്സരത്തിൽ കളത്തിനകത്തും പുറത്തും നടന്ന സംഭവങ്ങളിൽ നിന്ന് ഇതു വ്യക്തം. ടീമിലെ അതൃപ്തി പരിഹരിക്കുകയാവും മുംബൈയുടെ ആദ്യ വെല്ലുവിളി.

രോഹിത് ശർമ്മയുടെയും ജസ്പ്രീത് ബുമ്രയുടെയും മികവിലേക്ക് ഒപ്പമുള്ളവർകൂടി എത്തിയാൽ മുംബൈയ്ക്ക് ആശങ്ക വേണ്ട. പുതിയ ക്യാപ്റ്റൻ പാറ്റ് കമ്മിൻസിനും പുതിയ കോച്ച് ഡാനിയേൽ വെട്ടോറിക്കും കീഴിൽ സ്ഥിരതയില്ലായ്മയിൽ നിന്ന് കരകയറാമെന്ന പ്രതീക്ഷയിലാണ് ഹൈദരാബാദ്.

കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് എതിരായ ഹെൻറിക് ക്ലാസൻറെ വെടിക്കെട്ട് സൺറൈസേഴ്സിന് നൽകുന്നത് പുതിയ ഊർജം.പേസിനെ തുണയ്ക്കുന്ന വിക്കറ്റിൽ ഭുവനേശ്വർ കുമാറിന്റെയും കമ്മിൻസിന്റെയും നടരാജന്റെയും സ്പെൽ നിർണായകമാവും. ഇന്ത്യൻ ബാറ്റർമാർകൂടി അവസരത്തിനൊത്ത് ഉയർന്നാൽ സ്വന്തം കാണികൾക്ക് മുന്നിൽ ഹൈദരാബാദിന് ഉദിച്ചുയരാം. എന്നാൽ ഹൈദരാബാദിനെതിരെ 202നുശേഷം അവസാനം കളിച്ച ഏഴ് കളികളിൽ അഞ്ച് കളികളും ജയിച്ചുവെന്നതാണ് മുംബൈയുടെ ആത്മവിശ്വാസം.

ഇതുവരെ പരസ്പരം ഏറ്റുമുട്ടിയ ആകെ മത്സരങ്ങളുടെ കണക്കെടുത്താൽ ഇരു ടീമുകളും വലിയ അന്തരമില്ല. മുംബൈ 12 മത്സരങ്ങൾ ജയിച്ചപ്പോൾ ഹൈദരാബാദ് ഒമ്പത് മത്സരങ്ങൾ ജയിച്ചു.ഹൈദരാബാദിലെ പിച്ച് ബാറ്റർമാരെയും ബൗളർമാരെയും ഒരുപോലെ പിന്തുണക്കുന്നതാണെന്നതിനാൽ ആവേശകരമായ മത്സരം തന്നെ പ്രതീക്ഷിക്കാം.

അഫ്ഗാനോടും രക്ഷയില്ല; ലോകകപ്പ് യോഗ്യത മത്സരത്തിൽ ഇന്ത്യക്ക് ഞെട്ടിക്കുന്ന തോൽവി

ഗുവഹാത്തി: ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ആദ്യ പകുതിയിൽ ഒരു ഗോളിന് മുന്നിൽ നിന്ന ശേഷം കളി കൈവിട്ട് ഇന്ത്യ. അഫ്ഗാനിസ്താനോട് ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് കീഴടങ്ങിയത്. ഇന്ത്യൻ ജഴ്സിയിൽ 150ാം മത്സരം കളിച്ച സുനിൽ ഛേത്രി ഗോളുമായി തിളങ്ങി. അപ്രതീക്ഷിത തോൽവി വഴങ്ങിയതോടെ യോഗ്യതാ റൗണ്ടിൽ മുന്നേറാൻ ഇന്ത്യക്ക് ഖത്തർ,കുവൈത്ത് ടീമുകൾക്കെതിരെ ഇനിയുള്ള മത്സരങ്ങൾ നിർണായകമായി.

സ്വന്തം തട്ടകത്തിൽ ആദ്യ പകുതിയിൽ മികച്ച പ്രകടനം നടത്തിയ നീലപട അവസാന 45 മിനിറ്റിൽ തീർത്തും നിറം മങ്ങുകയായിരുന്നു. കളിയുടെ ഗതിക്ക് അനുകൂലമായി 36ാം മിനിറ്റിലാണ് ഇന്ത്യ ലീഡ് നേടുന്നത്. പെനാൽറ്റിയിലൂടെയാണ് ലക്ഷ്യം കണ്ടത്. മൻവീർ വലതുവിങ്ങിൽ നിന്ന് ഛേത്രിയെ ലക്ഷ്യമാക്കി ബോക്സിലേക്ക് നൽകിയ ക്രോസ് അഫ്ഗാൻ താരം അമീരി കൈകൊണ്ട് തട്ടിയതിനാണ് റഫറി പെനാൽറ്റി സ്പോട്ടിലേക്ക് വിരൽ ചൂണ്ടിയത്. കിക്കെടുത്ത ഛേത്രി അനായാസം പന്ത് വലയിലാക്കി. 39 കാരൻ കരിയറിലെ 94ാം ഗോളാണ് നേടിയത്.

രണ്ടാം പകുതിയിൽ സമനില പിടിക്കാനായി സന്ദർശകർ ഇന്ത്യൻ ബോക്സിലേക്ക് അക്രമണം ശക്തമാക്കി. പ്രതിരോധത്തിലൂന്നിയാണ് ആതിഥേയർ അഫ്ഗാൻ നീക്കങ്ങളെ നേരിട്ടത്. 70ാം മിനിറ്റിൽ കൗണ്ടർ അറ്റാക്കിലൂടെ അയൽക്കാർ സമനില കണ്ടെത്തി. ബോക്സിന് പുറത്തുനിന്ന് റഹ്മത് അക്ബരി ഉതിർത്ത ഷോട്ട് ഡിഫൻഡർ രാഹുൽബേകെയുടെ കാലിൽ തട്ടി വലയിൽ കയറി. അവസാന മിനിറ്റുകളിൽ ഗോൾ നേടാനായി ഇന്ത്യൻ മുന്നേറ്റനിര അഫ്ഗാൻ ബോക്സിലേക്കെത്തിയെങ്കിലും ഫൈനൽതേർഡിലെ പ്രശ്നങ്ങൾ തിരിച്ചടിയായി. 87ാം മിനിറ്റിൽ അപ്രതീക്ഷിത നീക്കത്തിലൂടെ അഫ്ഗാൻ ഇന്ത്യയെ ഞെട്ടിച്ചു. ഇന്ത്യയുടെ പ്രതിരോധം ഭേദിച്ച് ബോക്സിലേക്ക് ഒറ്റക്ക് കുതിച്ച അഫ്ഗാൻ താരത്തെ ഗോൾകീപ്പർ ഗുർപ്രീത് സിങ് സന്ധു ബോക്സിൽ വീഴ്ത്തി. കിക്കെടുത്ത ഷരീഫ് മുഹമ്മദ് പന്ത് അനായാസം വലയിലാക്കി(21).

സൗദി അറേബ്യയിലെ അബഹയിൽ നടന്ന ഗ്രൂപ്പ് എയിലെ ആദ്യ പാദ മത്സരം ഗോൾരഹിത സമനിലയിലായിരുന്നു. അതേ സമയം, 2023 നവംബറിന് ശേഷമാണ് ഇന്ത്യ ഒരു മത്സരത്തിൽ ഗോൾ നേടുന്നത്. തോൽവിയാണെങ്കിലും നിലവിൽ ഗ്രൂപ്പ് എയിൽ ഇന്ത്യ രണ്ടാമതാണ്. ഖത്തർ ഒന്നാമതും അഫ്ഗാൻ മൂന്നാമതും കുവൈത്ത് നാലാമതുമാണ്.

വിസിൽപോട് ചെന്നൈ; ഐപിഎലിൽ ഗുജറാത്തിനെതിരെ 63 റൺസിന്റ ആധികാരിക ജയം

ചെന്നൈ: ഐപിഎലിൽ തുടർച്ചയായി രണ്ടാം ജയം സ്വന്തമാക്കി ചെന്നൈ സൂപ്പർ കിങ്സ്. സ്വന്തംതട്ടകമായ ചെപ്പോക്കിൽ ഗുജറാത്ത് ടൈറ്റൻസിനെ 63 റൺനിനാണ് തോൽപിച്ചത്. ചെന്നൈയുടെ വിജയ ലക്ഷ്യമായ 206 റൺസിന് മറുപടി ബാറ്റിങ്ങിറങ്ങിയ സന്ദർശകരുടെ പോരാട്ടം 20 ഓവറിൽ 143-8 എന്ന സ്കോറിൽ അവസാനിച്ചു. 37 റൺ സെടുത്ത സായ് സുദർശനാണ് ടോപ് സ്കോറർ.

കഴിഞ്ഞ ഐപിഎൽ ഫൈനലിലേറ്റ തോൽപിക്ക് പകരം വീട്ടാനെത്തിയ ഗുജറാത്തിന് ഒരുഘട്ടത്തിൽ പോലും നിലവിലെ ചാമ്പ്യൻമാർക്കെതിരെ ഭീഷണിയുയർത്താനായില്ല. കൃത്യമായ ഇടവേളകളിൽ വിക്കറ്റ് വീഴ്ത്തിയും ഫീൽഡിങ്ങിൽ അവിശ്വസിനീയ പ്രകടനം പുറത്തെടുത്തും ചെന്നൈ മത്സരം കൈപിടിയിലൊതുക്കുകയായിരുന്നു. വൃദ്ധിമാൻ സാഹ(21), ശുഭ്മാൻ ഗിൽ(8),വിജയ് ശങ്കർ(12), രാഹുൽ തെവാത്തിയ(6) എന്നിവർ വേഗത്തിൽ മടങ്ങി. പ്രതീക്ഷപുലർത്തിയ ഡേവിഡ് മില്ലറിനെ ദേശ്പാണ്ഡെയുടെ ഓവറിൽ അത്യുഗ്രൻ ക്യാച്ചിൽ അജിൻക്യ രഹാനെ പുറത്താക്കി.

16 പന്തിൽ 21 റൺസാണ് കില്ലർ മില്ലറിന്റെ സമ്പാദ്യം. അഫ്ഗാൻ ഓൾറൗണ്ടർ അസ്മത്തുള്ള ഒമർസായി(11)യും കൂടാരം കയറിയതോടെ ഗുജറാത്ത് പ്രതീക്ഷകൾ അസ്തമിച്ചു. മഞ്ഞപ്പടക്കായി ദീപക് ചഹാറും തുഷാർ ദേശ്പാണ്ഡെയും മുസ്തഫിസുർ റഹ്മാനും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. പരിക്കിന് ശേഷം മടങ്ങിയെത്തിയ ശ്രീലങ്കൻ പേസർ മതീഷ പതിരണ ഒരുവിക്കറ്റ് നേടി. ഒരു ക്യാച്ച് നഷ്ടപ്പെടുത്തിയെങ്കിലും മൂന്ന് ക്യാച്ച് കൈപിടിയിലൊതുക്കി രചിൻ രവീന്ദ്ര ഫീൽഡിങ്ങിൽ തിളങ്ങി.

നേരത്തെ, ചെന്നൈ സൂപ്പർ കിങ്സ് 20 ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ 206 റൺസാണ് സ്കോർ ചെയ്തത്. ടോസ് നേടിയ ഗുജറാത്ത് ടൈറ്റൻസ് ക്യാപ്റ്റൻ ശുഭ്മാൻ ഗിലിന്റെ തീരുമാനം തെറ്റെന്ന് വ്യക്തമാക്കുന്ന വിധത്തിലാണ് ചെന്നൈ താരങ്ങൾ ആഞ്ഞടിച്ചത്. ഓപ്പണിങ്ങിൽ ക്യാപ്റ്റൻ ഋതുരാജ് ഗെയ്ക്ക്വാദും രചിൻ രവീന്ദ്രയും ചേർന്ന് സ്വപ്ന തുടക്കമാണ് നൽകിയത്.

20 പന്തിൽ മൂന്നു സിക്സുകളും ആറു ബൗണ്ടറിയും നേടിയ രചിൻ 46 റൺസ് നേടി. റഷീദ് ഖാന്റെ പന്തിൽ സാഹ സ്റ്റമ്പ് ചെയ്ത് ന്യൂസിലാൻഡ് താരം പുറത്തായശേഷം എത്തിയ അജിങ്ക്യ രഹാന(12)യും സ്പിൻ കെണിയിൽ മടങ്ങി.

36 പന്തിൽ 46 റൺസുമായി ഋതുരാജും പുറത്തായി. എന്നാൽ പിന്നീട് ഒത്തുചേർന്ന ശിവം ദുബെയും ഡാരൻ മിച്ചലും റൺറേറ്റ് ഉയർത്തി ഇന്നിങ്സ് മുന്നോട്ട് കൊണ്ടുപോയി.

23 പന്തിൽ രണ്ട് ബൗണ്ടറിയും അഞ്ച് സിക്സറും സഹിതം 51 റൺസെടുത്ത ദുബെ സിഎസ്കെ ഇന്നിങ്സിലെ ടോപ് സ്കോററായി. 20 പന്തിൽ 24 റൺസാണ് ന്യൂസിലാൻഡ് താരം നേടിയത്. ചെന്നൈയുടെ പുതിയ താരോദയം സമീർ റിസ്വി (ആറു പന്തിൽ 14), രവീന്ദ്ര ജഡേജ(മൂന്ന് പന്തിൽ 7 റൺസുമായി) ആഞ്ഞടിച്ചതോടെ സ്കോർ 200 കടന്നു. ഗുജറാത്തിനായി റാഷിദ് ഖാൻ രണ്ട് വിക്കറ്റ് വീഴ്ത്തി. നാല് ഓവറിൽ 49 റൺസാണ് അഫ്ഗാൻ താരം വിട്ടുകൊടുത്തത്.

ഡച്ച്പടയെ മലർത്തിയടിച്ച് ജർമൻ പട

2024 യൂറോകപ്പിന് മുന്നോടിയായി ഉള്ള സൗഹൃദ മത്സരത്തിൽ ജർമനിക്ക് വമ്പൻ ജയം. നെതർലാൻഡ്സിനെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് ജർമൻ പട തകർത്തു വിട്ടത്.

ഓറഞ്ച് പടയുടെ തട്ടകമായ ഡച്ച് ബാങ്ക് പാർക്ക് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 4-2-3-1 എന്ന ഫോർമേഷനിലാണ് ജർമനി കളത്തിൽ ഇറങ്ങിയത്. മറുഭാഗത്ത് 3-4-2-1 എന്ന ശൈലിയിൽ ആയിരുന്നു ആതിഥേയർ അണിനിരന്നത്.

മത്സരം തുടങ്ങി നാലാം മിനിട്ടിൽ തന്നെ ജോയി വീർമാനിലൂടെ ആതിഥേയർ ആണ് ആദ്യം മുന്നിലെത്തിയത്. എന്നാൽ ഈ ഗോളിന് വെറും ഏഴ് മിനിട്ട് മാത്രമേ ആയുസ് ഉണ്ടായിരുന്നുള്ളൂ.11ാം മിനിട്ടിൽ മാക്സിമിലിയൻ മിറ്റെൽ സ്റ്റാഡ് ജർമനിക്കായി മറുപടി ഗോൾ നേടി. ഒടുവിൽ ആദ്യപകുതി പിന്നിടുമ്പോൾ ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി സമനിലയിൽ പിരിയുകയായിരുന്നു.

രണ്ടാം പകുതിയിൽ ഇരു ടീമുകളും വിജയകോളിനായി മികച്ച നീക്കങ്ങൾ നടത്തി. എന്നാൽ മത്സരത്തിന്റെ 85ാം മിനിട്ടിൽ ബൊറൂസിയ ഡോട്മുണ്ട് സൂപ്പർ താരം നിക്കോളാസ് ഫുൾബർഗിലൂടെ ജർമനി വിജയഗോൾ നേടുകയായിരുന്നു.മത്സരത്തിൽ 62 ശതമാനം ബോൾ പൊസഷനും ജർമനിയുടെ കൈകളിൽ ആയിരുന്നു. 11 ഷോട്ടുകളാണ് ജർമൻ പട എതിരാളികളുടെ പോസ്റ്റിലേക്ക് ഉതിർത്തത് ഇതിൽ ഏഴ് ഷോട്ടുകൾ ലക്ഷ്യത്തിലേക്കായിരുന്നു.അതേസമയം മറുഭാഗത്ത് ഒമ്പത് ഷോട്ടുകൾ ആണ് ഓറഞ്ച് പട ജർമനിയുടെ പോസ്റ്റിലേക്ക് ഉതിർത്തത് ഇതിൽ നാലെണ്ണം ഓൺ ടാർഗെറ്റിലേക്ക് ആയിരുന്നു.യൂറോകപ്പിന് മുന്നോടിയായി ഇനി ജൂൺ നാലിനാണ് ജർമനിയുടെ സൗഹൃദ മത്സരം. ഉക്രെനാണ് ജർമനിയുടെ എതിരാളികൾ.

സ്ലൊവേനിയ -പോർച്ചുഗൽ മത്സരത്തിൽ നിന്ന്

2.ഗോൾ നേടിയ ഡി മരിയയുടെ ആഹ്ലാദം

കോസ്റ്റോറിക്കയെ തകർത്ത് അർജൻറീന, പോർച്ചുഗലിന് തോൽവി

ലോസാഞ്ചൽസ്: ആദ്യ പകുതിയിൽ ഒരു ഗോൾ ലീഡെടുത്ത കോസ്റ്റോറിക്കയുടെ അട്ടിമറി മോഹങ്ങൾ രണ്ടാം പകുതിയിൽ തകർത്തെറിഞ്ഞ അർജൻറീനക്ക് രാജ്യാന്തര സൗഹൃദ മത്സരത്തിൽ തകർപ്പൻ ജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് നായകൻ ലിയോണൽ മെസി ഇല്ലാതെ ഇറങ്ങിയ അർജൻറീന കോസ്റ്റോറിക്കയെ തകർത്തുവിട്ടത്.

ആദ്യ പകുതിയിൽ 34-ാം മിനിറ്റിൽ കോസ്റ്റ ഉഗ്ലൈഡിൻറെ ഗോളിൽ അപ്രതീക്ഷിതമായി മുന്നിലെത്തിയ കോസ്റ്റോറിക്ക അർജൻറീനയെ ഗോളടിക്കാൻ അനുവദിക്കാതിരുന്നതോടെ അട്ടിമറി പ്രതീക്ഷിച്ചു. എന്നാൽ രണ്ടാം പകുതിയിൽ ലോക ചാമ്പ്യൻമാരുടെ പ്രകടനം പുറത്തെടുത്ത അർജൻറീന 52-ാം മിനിറ്റിൽ എയ്ഞ്ചൽ ഡി മരിയയിലൂടെ സമനില ഗോൾ നേടി.

നാലു മിനിറ്റിനകം അലക്സിസ് മക് അലിസ്റ്റർ അർജൻറീനക്ക് ലീഡ് സമ്മാനിച്ച് രണ്ടാം ഗോളും നേടി. പകരക്കാരനായി ഇറങ്ങിയ ലൗതാരോ മാർട്ടിനെസ് 77-ാം മിനിറ്റിൽ മൂന്നാം ഗോളും നേടി അർജൻറീനയുടെ ഗോൾ പട്ടിക തികച്ചു. അർജൻറീനയുടെ ഉറച്ച ഗോൾ ഷോട്ട് ഗോൾ ലൈൻ കടക്കുന്നതിന് മുമ്പ് കോസ്റ്റോറിക്കൻ ഡിഫൻഡർ അവിശ്വസനീയമായി തട്ടിയകറ്റിയില്ലായിരുന്നെങ്കിൽ ലോക ചാമ്പ്യൻമാരുടെ വിജയം ഇതിലും വലിയ മാർജിനിലായിയേനെ. കഴിഞ്ഞയാഴ്ച എൽ സാൽവദോറിന്

എതിരായ സന്നാഹമത്സരത്തിൽ അർജൻറീന എതിരില്ലാത്ത മൂന്ന് ഗോളിന് ജയിച്ചിരുന്നു.

അതേസമയം ഇന്നലെ നടന്ന മറ്റൊരു സൗഹൃദ മത്സരത്തിൽ സ്ലൊവേനിയക്ക് മുന്നിൽ പോർച്ചുഗൽ അപ്രതീക്ഷിത തോൽവി വഴങ്ങി. എതിരില്ലാത്ത രണ്ട് ഗോളിനാണ് സ്ലൊവേനിയ പോർച്ചുഗലിനെ തകർത്തു വിട്ടത്. രണ്ടാം പകുതിയിലാണ് സ്ലൊവേനിയ രണ്ട് ഗോളുകളും നേടിയത്. റോബെർട്ടോ മാർട്ടിനെസിൻറെ പരിശീലനത്തിന് കീഴിൽ തുടരെ 11 മാച്ചുകൾ വിജയിച്ച ശേഷമാണ് പോർച്ചുഗലിൻറെ തോൽവി. മറ്റൊരു മത്സരത്തിൽ നെതർലൻഡ്സിനെതിരെ ജർമനി ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ജയിച്ചു. 85-ാം ആം മിനിട്ടിൽ നേടിയ നാടകീയ ഗോളിന്റെ പിൻബലത്തിലാണ് പരമ്പരാഗത വൈരികൾക്കെതിരെ ജർമനി ജയം ഉറപ്പിച്ചത്.

ഇംഗ്ലണ്ട്-ബെൽജിയം മത്സരം സമനിലയിൽ അവസാനിച്ചു. നിശ്ചിത സമയത്ത് ഇരു ടീമുകളും രണ്ട് ഗോൾ വീതം നേടി. പതിനൊന്നാം മിനിട്ടിലും മുപ്പത്തിയാറാം മിനിട്ടിലുമായിരുന്ന ബെൽജിയത്തിന്റെ ഗോളുകൾ. ഇംഗ്ലണ്ടിനായി ടോണിയും ബെല്ലിംഗാമും ഗോൾ നേടി. ഇഞ്ചുറി ടൈമിൻറെ അവസാന മിനിട്ടിലായിരുന്നു ഇംഗ്ലണ്ടിൻറെ സമനില ഗോൾ

ഗില്ലിന് 12 ലക്ഷം രൂപ പിഴ

ചെന്നൈ സൂപ്പർ കിംഗ്സിനെതിരായ മത്സരത്തിൽ സ്ലോ ഓവർ നിരക്കിന് ഗുജറാത്ത് ടൈറ്റൻസ് നായകൻ ശുഭ്മാൻ ഗില്ലിന് എതിരെ നടപടി. ഗില്ലിന് 12 ലക്ഷം രൂപ പിഴ ചുമത്തി. "മിനിമം ഓവർ റേറ്റുമായി ബന്ധപ്പെട്ട ഐപിഎൽ പെരുമാറ്റച്ചട്ടം അനുസരിച്ച് ഈ സീസണിലെ തന്റെ ടീമിന്റെ ആദ്യ കുറ്റമായതിനാൽ, ഗില്ലിന് 12 ലക്ഷം രൂപ പിഴ ചുമത്തി," ഐപിഎൽ പ്രസ്താവനയിൽ പറഞ്ഞു.

ഈ കുറ്റം ആവർത്തിച്ചാൽ അടുത്ത പിഴ 24 ലക്ഷം രൂപയാകും. ടൂർണമെന്റിന്റെ ഈ പതിപ്പിൽ ഗില്ലിന്റെ ഗുജറാത്ത് ടൈറ്റൻസ് ഇന്നലെ ടീമിന്റെ ആദ്യ തോൽവി ഏറ്റുവാങ്ങിയിരുന്നു ചെന്നൈ സൂപ്പർ കിംഗ്സിനോട് 63 റൺസിന് ആണ് ഇന്നലെ ഗുജറാത്ത് തോറ്റത്.

ഇന്ത്യ ഫിഫാ റാങ്കിംഗിൽ വീണ്ടും പിറകോട്ട് പോകും, 121ആം സ്ഥാനത്തേക്ക് താഴും

ഈ ഇന്റർനാഷണൽ ബ്രേക്കിലെ രണ്ട് മത്സരങ്ങളിലും വിജയിക്കാൻ ആകാത്തത് ഇന്ത്യക്ക് പുതിയ ഫിഫാ റാങ്കിംഗിൽ വലിയ തിരിച്ചടിയാകും. ഇന്ത്യ പുതിയ റാങ്കിംഗ് വരുമ്പോൾ 121ആം സ്ഥാനത്തേക്ക് താഴും. ഇപ്പോൾ ഇന്ത്യ 117ആം സ്ഥാനത്താണ് ഉള്ളത്. അഫ്ഗാനിസ്താന് എതിരെ രണ്ട് മത്സരങ്ങൾ കളിച്ച ഇന്ത്യ ഒരു മത്സരം സമനില വഴങ്ങുകയും ഒരു മത്സരത്തിൽ പരാജയപ്പെടുകയുമാണ് ഉണ്ടായത്.

ഏഷ്യൻ കപ്പ് മുതൽ നടത്തി വരുന്ന മോശം പ്രകടനങ്ങളാണ് ഇന്ത്യയെ ഫിഫ റാങ്കിംഗിൽ വലിയ രീതിയിൽ ബാധിക്കുന്നത്. ഏഷ്യൻ കപ്പിനു മുമ്പൊ ഇന്ത്യ 102ആം റാങ്കിലായിരുന്നു ഉണ്ടായിരുന്നത്. ഇന്ത്യക്ക് ഈ റാങ്കിംഗ് പരിധിൽ ആകെ 19 പോയിന്റോളം നഷ്ടമാകും.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.